## വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ



"അധികാരം ജനങ്ങളിലേക്ക്"



എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ
ഒന്നാമനും രണ്ടാമനും ഇല്ല
എല്ലാവരും സമന്മാരാണ്.
അവസാനക്കാരനും അവിടെയില്ല.

— മഹാത്മാഗാന്ധി

വിശ്വ സംസ്കാര പാലകരാകും
വിജ്ഞരേ, യുഗം വെല്ലുവിളിപ്പൂ
ആകുമോ ഭവാൻമാർക്കുനികത്താൻ
ലോക സാമൂഹ്യ ദുർനിയമങ്ങൾ,
സ്നേഹ സുന്ദര പാതയിലൂടെ ?
വേഗമാവട്ടെ, വേഗമാവട്ടെ !

വൈലോപ്പിള്ളി

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി






വികസന റിപ്പോർട്ട്

1996.

# പഞ്ചായത്ത് ഒററനോട്ടത്തിൽ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്. |
| വാർഡുകൾ | 10 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ 1 | വല്ലപ്പുഴ |
| ഡിവിഷൻ 2 | ചെറുകോട് |
| ബ്ലോക്ക് പഞ്ചായത്ത് | പട്ടാമ്പി |
| താലൂക്ക് | ഒററപ്പാലം |
| ജില്ല | പാലക്കാട് |
| പാർലമെൻറ് മണ്ഡലം | ഒററപ്പാലം |
| അസംബ്ലി മണ്ഡലം | പട്ടാമ്പി |
| വിസ്തീർണ്ണം | 21.64 |
| ജനസംഖ്യ | 29641 |
| ജനസാന്ദ്രത | 1347. |
| പ്രസിഡൻറ് | ശ്രീമതി. ഒ. എം. സാറാബീവി ടീച്ചർ. |
| വൈസ് പ്രസിഡൻറ് | ശ്രീ. ഇ. പരമേശ്വരൻ നായർ. |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | ശ്രീ. പി. അബ്ദുള്ള. |

# ഭരണ സമിതി.



പ്രസിഡൻറ്

ശ്രീമതി. ഒ. എം. സാറാബീവി ടീച്ചർ.



വൈസ് പ്രസിഡൻറ്

ശ്രീ. ഇ. പരമേശ്വരൻ നായർ



സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ

ശ്രീ. പി. അബ്ദുള്ള.



ശ്രീ. കെ. കദീജ

ഒന്നാം വാർഡ്

മെമ്പർ



ശ്രീ. കെ. അഹമ്മദ് കബീർ

നാലാംവാർഡ്

മെമ്പർ



ശ്രീമതി.ബുഷറ നൗഷാദ്

ആറാംവാർഡ്

മെമ്പർ



ശ്രീ. എ. മുഹമ്മദലി

ഏഴാംവാർഡ്

മെമ്പർ



ശ്രീ. എ. ഹരിദാസ്

ഒമ്പതാംവാർഡ്

മെമ്പർ



ശ്രീമതി.റംലത്ത് മുത്തു

പത്താംവാർഡ്

മെമ്പർ

# ഈ പഞ്ചായ-ത്തിന്റെ കഴിഞ്ഞ-കാലഘട്ടത്തിലെ-സാരഥികൾ !

ശ്രീ. കെ.ടി. മുഹമ്മദ്

ശ്രീ. പി.ടി. മുഹമ്മദ്

ശ്രീ. കെ.വി. പ്രഭാകരൻനമ്പ്യാർ

# ഉപദേശക സമിതി

ശ്രീമതി. ഒ. എം. സാറാബീവി ടീച്ചർ.

ശ്രീ. ഏ. പി. രാമൻ കുട്ടി

ശ്രീ. ഇ. പരമേശ്വരൻ നായർ.

ശ്രീ. പി. അബ്ദുള്ള.

ശ്രീ. എ.മുഹമ്മദലി

ശ്രീ. കെ. പി. ബാലകൃഷ്ണൻ.



## റിപ്പോർട്ടിൻെറ മുഖ്യശില്പികൾ

- ★ കെ. ശങ്കരനാരായണൻ
- ★ സി. ദിനചന്ദ്രൻ
- ★ കെ. കുഞ്ഞിമൊയ്തു
- ★ മൊഹീയുദ്ദീൻ ഇക്ബാൽ
- ★ കെ. നാരായണൻ കുട്ടി
- ★ സത്യൻ

ആശംസകളോടെ,



ശ്രീ. എ. പി. രാമൻ കുട്ടി
വൈസ് പ്രസിഡൻറ്
ബ്ലോക്ക് പഞ്ചായത്ത്

ഇന്ത്യയ്ക്കു തന്നെ മാതൃകയായി കേരള സർക്കാർ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൻെറ വികസന രേഖയ്ക്ക് സർവ്വവിധ ആശംസകളും അർപ്പിച്ചുകൊള്ളുന്നു.



കെ.വി. പത്മിനി ടീച്ചർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ (ധനകാര്യം)
ബ്ലോക്ക് പഞ്ചായത്ത് പട്ടാമ്പി.

ഭാരതത്തിലാദ്യമായി

ഒരു പുത്തൻ വികസനസംസ്കാരത്തിന്

കേരളം നാന്ദി കുറിച്ചിരിക്കുകയാണ്.

ഇതിന്റെ ഭാഗമായി

വല്ലപ്പുഴ പഞ്ചായത്ത് തയ്യാറാക്കിയ

ഈ വികസനരേഖക്ക്

എല്ലാവിധ ആശംസകളും നേരുന്നു.

## നമ്മെ വിളിക്കുന്നു

മുല്ലനേഴി

ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരേ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ
ക്കാലമിതാ നമ്മളുടെ മുന്നിലെത്തി
ഇവിടെ നമ്മൾ തലവെട്ടിച്ചകലരുതേ!
ഇവിടെനമ്മൾ തലയാട്ടിത്തുലയരുതേ!
ഇവിടെ നമ്മളുണരുക
ഇവിടെ നമ്മളുയരുക
ഇവിടെയെന്തു വേണമെന്ന്
നമ്മൾ നിശ്ചയിക്കുക
മണ്ണിൽ നിന്നു മഴയിൽ നിന്നു
വെയിലിൽ നിന്നു മോചനം
നല്ല വഴി, നല്ല തൊഴിൽ, നല്ല ജീവിതത്തിനായ്
നല്ലപോലെ മെയ്യനങ്ങി നല്ലനാളു തീർക്കുക
നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ
നന്മ തിന്മ തീർപ്പതും
മുകളിൽ നിന്നു നമ്മളെ
ഭരിക്കുവാൻ കൊതിപ്പവർ
മുഞ്ഞിവീർത്തു മാറി നിന്നു
വഴിമുടക്കുവാൻ വരാം.
അവരെ മാറ്റിതീർക്കുവാൻ
നമ്മളൊന്നു ചേരുക
നമ്മളാണു നമ്മളുടെ
നന്മതിന്മ തീർക്കുക
ഭാരതാംബ നമ്മളെ , ഗ്രാമജീവിതങ്ങളെ
ഭാവി ഭദ്രമാക്കുവാൻ വിളിക്കയാണു കൂട്ടരേ



സഹോദരി സഹോദരൻമാരെ,

സോവിയററ് യുണിയനിൽ നടപ്പാക്കിയിരുന്ന പഞ്ചവൽസര പദ്ധതികളുടെ ആശയം ഉൾക്കൊണ്ടു കൊണ്ട് ഇന്ത്യയുടെ പ്രധമ പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽ നെഹറു പഞ്ചവത്സര പദ്ധതികൾ വളരെ പ്രതീക്ഷകളോടെയാണ് 1951 മുതൽ നടപ്പാക്കിയത്. എന്നാൽ ഈ പദ്ധതികൾ ദേശിയ സംസ്ഥാന ആസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥപങ്കാളിത്തത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു. ഈ നാടിൻെറ പുനർനിർമ്മാണത്തിലും പദ്ധതിയാസൂത്രണത്തിലും ഈ നാട്ടിലെ ജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടാണ് 9 ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി സർക്കാർ രൂപം നൽകിക്കൊണ്ടിരിക്കുന്നത്. അതത് പ്രദേശത്തെ സാധ്യതകളെയും ജനങ്ങളുടെ പ്രശ്നങ്ങളേയും ആവശ്യങ്ങളേയും കണക്കിലെടുത്ത് കൊണ്ട് രൂപകൽപന ചെയ്ത് മുൻഗണനാ ക്രമത്തിൽ പദ്ധതികളാക്കി ആസൂത്രണം ചെയ്യുന്നതിന് ഇത്മൂലം അവസരം കൈവന്നിരിക്കുകയാണ്. ഇതിൻെറ ഭാഗമായി നമ്മുടെ ഗ്രാമ പഞ്ചായത്തിൽ സംഘടിപ്പിച്ച വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം ആശാവഹമായിരുന്നു. ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവന്ന വികസന നിർദ്ദേശങ്ങൾ പഞ്ചായത്ത് അതിർത്തിയിലെ സ്ഥിതിവിവരകണക്കുകളും ഉൾകൊള്ളിച്ചുകൊണ്ട് രൂപീകൃതമായ ഒരുവികസനരേഖ പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു. ഇത് വികസനസെമിനാറിനും പഞ്ചായത്തിലെ ഭാവി വികസനപ്രവർത്തനങ്ങൾക്കും മാർഗനിർദ്ദേശരേഖയായിരിക്കട്ടെ. എന്ന് ഞാൻ ആശംസിക്കുന്നു.

എന്ന്,

സ്നേഹാദരങ്ങളോടെ
പ്രസിഡണ്ട്
വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്



# ഉള്ളടക്കം


ആമുഖം

നമ്മുടെ പൈതൃകം

ഭൂപ്രകൃതി. ജലപ്രകൃതി. ജനപ്രകൃതി

കൃഷി. ജലസേചനം

മൃഗസംരക്ഷണവും മത്സ്യ ബന്ധനവും.

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളം

ആരോഗ്യം

ഗതാഗതം

ഊർജ്ജം

പാർപ്പിടം

സാമൂഹ്യക്ഷേമം

സാംസ്കാരിക രംഗം

വനിതാക്ഷേമം

സഹകരണം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വിഭവ സമാഹരണം



# ആമുഖം

സമൃദ്ധി നിറഞ്ഞ സ്വയം പര്യാപ്ത കേരളത്തിനായി ജനകീയാസൂത്രണമെന്ന ഒരു പുതിയ ആശയം നാം നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കുന്ന ഈ വലിയ കർമ്മപരിപാടിക്ക് നേതൃത്വം നൽകുന്നത് കേരളത്തിൻെറ ആദ്യ മുഖ്യമന്ത്രി ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയർമാനും, മുൻമുഖ്യമന്ത്രിമാർ ശ്രീ കെ. കരുണാകരൻ, ശ്രീ. പി. കെ. വാസുദേവൻ നായർ, ശ്രീ. എ. കെ. ആൻറണി, മുൻപ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നിവർ വൈസ്ചെയർമാൻമാരുമായ വിപുലമായ ഒരു പ്രസ്ഥാനമാണ്. ഈ വരുന്ന 1997 ഏപ്രിൽ ഒന്നു മുതൽ നാടിൻെറ പുനർനിർമ്മാണത്തിനും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഇന്നാട്ടിലെ ജനങ്ങൾക്കുകൂടി പങ്കാളികളാകാനുള്ള സൗഭാഗ്യം ഭരണ ഘടനാ പരമായിത്തന്നെ കൈവന്നിരിക്കുന്നു. പ്രാദേശികമായി ജനങ്ങൾക്കാവശ്യമായ പദ്ധതികൾ നിർദ്ദേശിക്കുകയും മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഇത്കൊണ്ട് അർത്ഥമാക്കുന്നത് ഗ്രാമസഭകളിലൂടെ നാം അതിന് നാന്ദികുറിച്ചിരിക്കന്നു. ജനകീയാസൂത്രണത്തിൻെറ പ്രസക്തി അംഗീകരിക്കുന്ന തരത്തിലഒയിരുന്നു ഗ്രാമ സഭകളിലെ പ്രകടമായ ജനപങ്കാളിത്തവും സൃഷ്ടിപരമായ നിർദ്ദേശങ്ങളും. ഈ പദ്ധതി പ്രാവർത്തികമാക്കാൻ തുടർന്നുള്ള പ്രവർത്തനങ്ങളിൽ നമുക്കൊരുമിച്ച് മുന്നോട്ട് പോകാം.



# നമ്മുടെ പൈതൃകം

വടക്കിനിയേടത്ത് കിരാങ്ങാട്ട് മനക്കാർക്ക് സാമൂതിരി രാജാവിനാൽ ദാനം ചെയ്യപ്പെട്ടതായ വല്ലപ്പുഴ ദേശം വടക്കിനിയേടത്ത് ഗ്രാങ്ങാട്ട് മനയിലെ സ്ഥാനിമാരായ നമ്പൂതിരിപ്പാടൻമാർ ഭരിച്ചിരുന്ന പ്രദേശമായിരുന്നു

അടിമത്തം, അയിത്തം, അനാചാരം, ജാതീയത എന്നിവ കൊടികുത്തിവാണിരുന്ന ഒരു ഭൂതകാലം നമ്മുടെ പൂർവ്വികർക്കുണ്ട് പട്ടിണിയും പരിവട്ടവുമായിരുന്നു ഇവരുടെ മുഖമുദ്ര.

വല്ലപ്പുഴ, ചെറുകോട്, കുറുവട്ടൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. അഞ്ച് അമ്പലങ്ങളും, അതിനുകീഴിൽ വരുന്ന 24 ക്ഷേത്രങ്ങളും, ഭൂസ്വത്തുക്കളും സാമൂതിരി രാജാവ് സ്ഥാനിമാരായ ദേശമംഗലം മനക്കാർക്കും, വടക്കിനിയേടത്ത് നമ്പൂതിരിപ്പാടൻ മാർക്കുമായി ഏൽപ്പിച്ചുകൊടുത്തതാണ്. കൊച്ചിരാജാവ് പുറത്താക്കിയ കിരാങ്ങാട്ടുമനക്കാരെ സാമൂതിരി രാജാവ് വല്ലപ്പുഴയിൽ കുടിയിരിത്തിയതാണെന്ന് പറയുന്നു.

കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാവായ ഇ. എം. എസിൻെറ അമ്മയ്ക്കു ജൻമം നൽകിയതും ഈ മനതന്നെയാണ്.

ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ നടന്ന ആദ്യത്തെ സർവ്വേയിലാണ് ബ്രഹ്മസ്വം, ദേവസ്വം, പണ്ടാരവക എന്നിങ്ങനെയായി ഭൂമികൾ തരംതിരിച്ചത്. കൃഷിസ്ഥലങ്ങൾക്ക് നികുതി ചുമത്തിയതും ഇക്കാലത്തുതന്നെ.

വടക്കിനിയേടത്തു കിരാങ്ങാട്ടു മനയ്ക്കലെ ഈ സ്വത്തുക്കൾ കുടുമ്പ കലഹം മൂലവും, തറവാട്ടിൽ കടം വരുത്തി കൊടുക്കുവാൻ സാധിക്കാതെ വന്നതുകൊണ്ടും സ്വത്തുക്കൾ കോടതി ലേലം ചെയ്ത് തറയ്ക്കൽ വാരിയൻമാർക്ക് ഏൽപ്പിച്ചുകൊടുത്തു. ശിഷ്ട ഭൂമി ദേവസ്വത്തിലും ബ്രഹ്മസ്വത്തിലുമായി വീതിയ്ക്കപ്പെട്ടു.

ജൻമിത്തക്കിനും, അയിത്തത്തിനും അനാചാരങ്ങൾ ക്കുമെതിരെ ഒരുപാട് ജന മുന്നേററങ്ങൾക്ക് നമ്മുടെ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങൾക്ക് ആവേശം നൽകുന്നതിനായി ശ്രീമാൻമാർ എ.കെ.ജി, ഇ.എം.എസ്, ഇ.പി., ഐ.സി. പി. എന്നിവരിവിടം സന്ദർശിക്കുകയും, നേതൃത്വം നൽകുകയും ചെയ്തിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെ നടന്ന പോരാട്ടങ്ങളിൽ ശ്രീമാൻമാർ കെ.ടി.മാധവൻനമ്പ്യാർ, അഗ്നിത്രാതൻ നമ്പൂതിരി(കുഞ്ചുവേട്ടൻ), പാലപ്പററനാരായണൻ നായർ,

വി.ടി. രാഘവൻ നായർ, പഞ്ചാരത്ത് ശങ്കർ, മേക്കാട്ട് രാമൻ നമ്പൂതിരി, പഞ്ചാരത്ത് അപ്പുകുട്ടൻ നായർ, മനേകത്ത് ശങ്കരൻ നായർ എന്നിനർ പങ്കെടുത്തിരുന്നു.

മലബാർ പ്രദേശ് കോൺഗ്രസ് കമ്മിററിയുടെ 18–ാമത് സർവ്വാധികാരിയായിരുന്നു ശ്രീമാൻ കെ.ടി.മാധവൻനമ്പ്യാർ, വ്യക്തി സത്യാഗ്രഹം നടത്തി ഏകനായി ജയിലിൽ പോയ വ്യക്യതിയായിരുന്നു ശ്രീമാൻ പാലപ്പററനാരായണൻ നായർ. 1930കളിൽ നടന്ന കർഷക സമരത്തിൽ പങ്കെടുത്ത് അറസ്റ്റു ചെയ്യപ്പെട്ട ബഹുജന നേതാവായിരുന്നു ശ്രീമാൻ കുഞ്ഞുവേട്ടൻ എന്ന ജന പ്രിയനായിരുന്ന അഗ്നിത്രാതൻ നമ്പൂതിരി.

ഗുരുവായൂർ സത്യാഗ്രഹത്തിൻെറ ആവേശമുൾക്കൊണ്ട് ശ്രീമാൻമാർ ഇ.പി. ഗോപാലൻ, കുഞ്ഞുവേട്ടൻ എന്നിവരുടെ നേതൃത്വത്തിൽ ഹരിജനങ്ങളേക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ക്ഷേത്രപ്രവേശനം നടത്തുകയും ജൻമി ഗുണ്ടകളുടെ ആക്രമണത്തിൽ പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

1930 കളിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിൻെറ നേതൃത്വത്തിൽ രൂപം കൊണ്ട മുസ്ലീം മജ്ലീസ് എന്ന സംഘടന ബ്രിട്ടീഷുകാർക്കെതിരെ പോരാടിയപ്പോൾ ശ്രീമാൻ കെ.ടി. മുഹമ്മദ് സാഹിബിൻെറ നേതൃത്വത്തിൽ ഈ പഞ്ചായത്തിലും മുസ്ലീം ജനതയെ ദേശീയ ധാരയീലേയ്ക്ക് കൊണ്ടുവരുന്നതീൽ പ്രമുഖ പങ്ക് വഹിച്ചിരുന്നു.

സുഭാഷ് ചന്ദ്രബോസിൻെറ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ സായുധ കലാപം നടത്തുന്നതിനായി രൂപീകരിച്ച ഐ.എൻ.എ. യിൽ പങ്കെടുത്ത ഈ പഞ്ചായത്തിലെ പ്രമുഖ വ്യക്തികളായിരുന്നു മഠത്തിൽ തൊടി അപ്പു എഴുത്തച്ഛനും, മനേകത്ത് ശങ്കരൻ നായരും.

1947 ൽ ഭാരതം സ്വാതന്ത്ര്യം നേടിയെങ്കിലും പിന്നീട് നിരോധിക്കപ്പെട്ട ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരവധി നേതാക്കൾ വല്ലപ്പുഴയിലെ ഒളിതാവളങ്ങളിൽ കഴിഞ്ഞിട്ടുണ്ട്

ജൻമി കുടിയാൻ വ്യവസ്ഥിതി നമ്മുടെ പഞ്ചായത്തിൽ രൂക്ഷമായ പട്ടിണിക്കിടയാക്കിയിരുന്നു. കുടിയാൻമാർക്ക് വൈക്കോലരി, താളും തകരയും മാത്രമായിരുന്നു അന്നത്തെ ഭക്ഷണം. ജൻമിമാർ പതിനാറു കെട്ടുകളിലും, എട്ടു കെട്ടുകളിലുമായിരുന്നു താമസിച്ചിരുന്നത്. ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾക്കനുസരിച്ച് ആയിരുന്നു വീടുകളുടെ നിർമ്മാണരീതികളും. ജാതിയിൽ ഏററവും താഴ്ന്നവരായ ഹരിജനങ്ങൾക്ക് ചാളകളും, കൂരകളും മാത്രമായിരുന്നു അനുവദിയ്ക്കപ്പെട്ടിരുന്നത്.

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ചൂരക്കോട് പഞ്ചാരത്ത് പടിയിൽ പ്രവർത്തിച്ചിരുന്ന അഞ്ചാം തരം വരെയുള്ള " വല്ലപ്പുഴ ബോഡ് ബോയ്സ്

സ്ക്കൂൾ " ആയിരുന്നു. പ്രസ്തുത സ്കൂളാണ് ഇന്നത്തെ ഗവ: യു.പി. സ്കൂളായി ചൂരക്കോട് പ്രവർത്തിക്കുന്നത്. പിന്നീട് കുറുവട്ടൂർ കെ.സി.എം.എച്.ഇ. സ്ക്കൂളും കൃഷ്ണവിലാസം എൽ.പി.സ്ക്കൂളും, ഭാസ്കരവിലാസം എൽ.പി.എസ് തുടങ്ങിയവയും സ്ഥാപിക്കപ്പെട്ടു. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ വല്ലപ്പുഴ ഹൈസ്കൂൾ 1950 ജൂൺ 21 നായിരുന്നു സ്ഥാപിയ്ക്കപ്പെട്ടത്. വല്ലപ്പുഴയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലായ ഈ വിദ്യാലയം സ്ഥാപിച്ചത് കെ.വി.രാധാകൃഷ്ണൻ നായരായിരുന്നു.

19 ാം നൂററാണ്ടിൽതന്നെ നമ്മുടെ പഞ്ചായത്തിൽ അഞ്ചലാപ്പീസ് എന്ന " പോസ്റ്റാഫീസ് " സ്ഥാപിക്കപ്പെട്ടു. രണ്ടാം ലോക മഹായുദ്ധത്തിനു മുമ്പ് നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന നിലമ്പൂർ ഷൊർണ്ണൂർ റെയിൽവേ ലൈനിലേ റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടു. ടിപ്പു സുൽത്താൻെറ കേരളത്തിലൂടെയുള്ള പടയോട്ടം നമ്മുടെ പഞ്ചാത്തിലൂടെ കടന്നുപോയതിൻെറ സ്മാരകമായി പഞ്ചാത്തിൻെറ തെക്കുപടിഞ്ഞാറെ അതിർത്തിയിൽ ചെറുകോട് രാമഗിരിക്കോട്ട ഇന്നും നിലനിൽക്കുന്നു. ഒരു ചരിത്ര സ്മാരകമായി നാം സംരക്ഷിക്കേണ്ടിയിരിക്കുന്നു.

കാർഷിക ബന്ധബില്ലും, അതോടൊപ്പം നടന്ന ഭൂപരിഷ്കരണനിയമവും, നമ്മുടെ പഞ്ചായത്തിൻെറ മുഖഛായ തന്നെ മാററിമറിച്ചു. ജൻമി കുടിയാൻ ബന്ധത്തിലും ജാതിവ്യവസ്ഥയുടെ പൊളിച്ചെഴുത്തിനും സമൂഹത്തിൻെറ സാമ്പത്തിക ഘടനയിൽ വന്നമാററം വളരെ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്.

1964 ലായിരുന്നു തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി. പ്രഥമ പ്രസിഡണ്ടായി ശ്രീമാൻ കെ.ററി. മുഹമ്മദും, തുടർന്ന് പി. ടി. മുഹമ്മദും, പ്രഭാകരൻ നമ്പ്യാരും സ്ഥാനം വഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഭരണസമിതി 95 ഒക്ടോബർ 2നാണ് നിലവിൽ വന്നത്. ഇന്നത്തെ ഭരണ സമിതിക്ക് സാരഥ്യം വഹിക്കുന്നത് ശ്രീമതി സാറാബീവി ടീച്ചറാണ്.

## നാട്ടറിവ് – കടപ്പാട്:

ശ്രീമാൻമാർ അബ്ദുള്ളട്ടി, കുറുവട്ടൂർ
കെ.വി. പ്രഭാകരൻ നമ്പ്യാർ, കുറുവട്ടൂർ
കേശവൻ നായർ, ചേരിക്കല്ലിൽ
ചരപ്പറമ്പിൽ അപ്പുണ്ണി, ചെറുകോട്
മേക്കാട്ടുമനയ്ക്കൽ നാരായണൻ നമ്പൂതിരി. ചൂരക്കോട്



# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി.

## ഭൂപ്രകൃതി

വല്ലപ്പുഴ പഞ്ചായത്തിൻെറ വടക്കായി കുലുക്കല്ലൂർ പഞ്ചായത്തും വടക്കുപടിഞ്ഞാറായി കൊപ്പം പഞ്ചായത്തും ഷൊർണൂർ മുനിസിപ്പാലിററിയും തെക്കു കിഴക്കായി ചളവറ പഞ്ചായത്തും കിഴക്കായി നെല്ലായ പഞ്ചായത്തും തെക്കുപടിഞ്ഞാറായി ഓങ്ങല്ലൂർ പഞ്ചായത്തും അതിരിടുന്നു.

ഭൂപ്രകൃതി അനുസരിച്ച് ഭൂതലത്തെ പ്രധാനമായി 4 ഇനത്തിൽ പെടുത്താവുന്നതാണ്. 1) കുന്നിൻ പ്രദേശം, 2) സമതലം 3) ചെരിവു പ്രദേശം (4) കുണ്ടു പാടങ്ങൾ.

ചൂരക്കോട് കുന്ന്, തറക്കുന്ന് മണിക്കുന്ന്, വെള്ളിയാംക്കുന്ന്, കണിയാരക്കുന്ന്, പുൽമുഖം മലയുടെ ഒരുഭാഗം എന്നിങ്ങനെയാണ് പ്രധാനപ്പെട്ട കുന്നിൻപ്രദേശങ്ങൾ, വെള്ളിയാംകുന്ന് തറക്കുന്ന് എന്നിവ സർക്കാർ റിസർവ്വ് വനങ്ങളാണ്. വെള്ളിയാംകുന്നിനും തറക്കുന്നിനും ഇടയിലായി ചരിത്ര സ്മാരകമായ രാമഗിരിക്കോട്ട സ്ഥിഥി ചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്നും ഏഴുമുതൽ 60 മീററർ വരെ ഉയര വ്യത്യാസമുള്ള പ്രദേശങ്ങൾ ഇവിടെ ഉണ്ട്.

ചരൽ മണ്ണും, ചെങ്കല്ലും വെട്ടുകല്ലും ഉയർന്ന പ്രദേശങ്ങളിലും മണൽ കലർന്ന പശിമരാശി മണ്ണ് കുണ്ടുപാടങ്ങളിലും കാണുന്നു.

വർഷത്തിൽ രണ്ടുതവണയായി കാലവർഷവും തുലാവർഷവും പെയ്തവസാനിക്കുമ്പോൾ ശിഷ്ട കാലം വരൾച്ചയുടേതാകുന്നു.

## ജലപ്രകൃതി

പഞ്ചായത്തിലെ പ്രധാനജല സ്രോതസ്സുകൾ 11 k.m. നീളമുള്ള തോടുകളിലും 45 ചെറുകുളങ്ങളിലും ഒതുങ്ങിയിരിക്കുന്നു. 11k.m.. ദൈർഘ്യമുള്ള ഈ തോടുകളിൽ പതിമൂന്നോളം ചിറകളുണ്ട് നീരൊഴുക്ക് ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ മാത്രമായി പരിമിതപ്പെട്ടതുകൊണ്ട് ശിഷ്ടമാസങ്ങളിൽ തോടുകൾ വററി വരണ്ട് ഉപയോഗ ശൂന്യമായിരിക്കുന്നു.

ഇതുകൂടാതെ പ്രകൃതിദത്തമായ ഏതാനും നീരുറവകളും നമ്മുടെ പഞ്ചായത്തിലുണ്ട്. കോട്ടക്കുളം ചോല,പാണക്കോട് കുളം ചോല, പുൽമുഖം മല ചോല എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഇവ ഏതാണ്ടും പുർണ്ണ വർഷവും ജലലഭ്യത ഉള്ളവയാണ്.

## ജനപ്രകൃതി.

പഞ്ചായത്തിലെ ജനസംഖ്യ 29641 ഉം, ജനസാന്ദ്രത ചതുരശ്രകിലോമീററിന് 1631 ഉം അണ്. ജനതയുടെ 55% വനിതകളും (16303 പേർ) 45% പുരുഷൻമാരും (13338 പേർ) ആണ്. ജനസംഖ്യയുടെ 12% വരുന്ന കുട്ടികൾ (14 വയസ്സിന് താഴെയുള്ളവർ) 3557ഉം 60 വയസ്സിന് മുകളിൽ വരുന്നവർ ജനസംഖ്യയുടെ 25% ആയ 7410 പേരും ആണെന്ന് കണക്കുകൾ കാണിക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു കുടുംബം പോലും ഇവിടെയില്ല.

ജനസംഖ്യയുടെ 60% ഹിന്ദുമതത്തിൽ പെട്ടവരും 40% പേരും മുസ്ലീങ്ങളുമാണ്. മററു മതവിഭാഗത്തിൽപ്പെട്ട ഒരു കുടുംബവും ഈ പഞ്ചായത്തിലിന്നില്ല.

സാക്ഷരതയിൽ ഇത്തിരി പിറകിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൻെറ സാക്ഷരത 86% ആയാണ് കണക്കാക്കിയിരിക്കുന്നത്.

ജനതയുടെ സിംഹഭാഗവും തൊഴിൽ രഹിതരാണ്. തൊഴിൽ മേഖല വളരെ നിർജ്ജീവമായതുകൊണ്ടാണ് ഇതുസംഭവിച്ചത്. കാർഷിക മേഖല ഏററവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതിണെങ്കിലും ചെളിയും ചേറും പുരളാനുള്ളവൈമനസ്യം കാർഷിക തൊഴിലാളികളുടെ ലഭ്യതയെ വളരെ ബാധിച്ചിരിക്കുന്നു. ഗൾഫ് ഇവിടത്തെ ജനതയുടെ മേൽ വമ്പിച്ചസ്വാധീനം ചെലുത്തിയിട്ടുണ്ട്. 20% പേർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നുവെന്നാണ് കണക്ക്. 32% പേർ കാർഷിക മേഖലയിലും 11% പേർ മററു മേഖലകളിലുമായി തൊഴിൽ ചെയ്തു വരുന്നു.

അനൗപചാരിക വിദ്യഭ്യാസ പ്രവർത്തനങ്ങൾ തീർത്തും മന്ദഗതിയിൽ നടക്കുന്ന ഈ പഞ്ചായത്തിൽ കേവലം ഒരു ഹൈസ്കൂളിനെ കേന്ദ്രീകരിച്ചാണ് വിദ്യഭ്യാസ രംഗം നിലകൊള്ളുന്നത്. ഉപരിപഠനത്തിനോ, സാങ്കേതിക വിദ്യഭ്യാസത്തിനോ യാതൊരു സാഹചര്യവും ഈ പഞ്ചായത്തിലില്ല. സമ്പൂർണ്ണമായ ഒരു ബോധബവൽക്കരണ പ്രക്രിയയിലൂടെ ജനങ്ങളെ ഉദ്ബുദ്ധരാക്കാനും ഒരു നല്ല നാളെക്കുവേണ്ടി സജ്ജരാക്കാനും തുടർന്നുള്ള പരിപാടികൾ ഈ ലക്ഷ്യങ്ങളിൽ കേന്ദ്രീകരിക്കേണ്ടതുമുണ്ട്.

# കൃഷിയും ജലസേചനവും

വളരെക്കാലം മുൻപുമുതൽക്കുതന്നെ വല്ലപ്പുഴ കാർഷിക മേഖലയായിരുന്നു. പഞ്ചിയത്തിൻെറ കിഴക്കും പടിഞ്ഞാറും അതിർത്തിയിലെ മലകളുടെ ഇടക്കുള്ള ഭൂവിഭാഗത്തിൽ ചെറിയ കുന്നുകളും ഉയർന്ന പ്രദേശങ്ങളും അവിടവിടെയായി ഉണ്ടെങ്കിലും ഭൂരിഭാഗം നെൽപ്പാടങ്ങളാണ്. രണ്ട് പ്രധാന തോടുകളും അവയുടെ കൈവഴികളുമാണ് പ്രധനമായും നെൽകൃഷിക്കുള്ള ജലസ്രോതസ്സുകൾ. നെൽകൃഷിക്കുപുറമെ തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, കശുമാവ്, കുരുമുളക്, റബ്ബർ, ഇഞ്ചി, മഞ്ഞൾ, ചേന എന്നിവയും വിവിധ പച്ചക്കറിയിനങ്ങളും ഇവിടെ കൃഷി ചെയ്യുന്നു.

1991 ലെ അടിസ്ഥിന വിവര രജിസ്റ്റർ പ്രകാരം 460 ഹെക്ടർ സ്ഥലത്ത് ഒന്നാംവിളയും 420 ഹെക്ടറിൽ രണ്ടാം വിളയും 10 ഹെക്ടറിൽ മൂന്നാം വിളയുമായി ആകെ 2316 ടൺ നെല്ല് പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്നു. കൃഷിച്ചെലവ് ജലക്ഷാമം, വിളമാററം തുടങ്ങി വിവിധകാരണങ്ങളാൽ ഉദ്ദേശം 60 ഹെക്ടർ ഒന്നാം വിളയിലും 40 ഹെക്ടർ രണ്ടാം വിളയിലും 15ഹെക്ടർ മൂന്നാം വിളയിലൂം കൃഷിചെയ്തിരുന്നത് കഴിഞ്ഞ 15 വർഷക്കാലത്തിനിടക്ക് കുറവ് വന്നിട്ടുണ്ട്. 2 ഹെക്ടറിനും 3 ഹെക്ടറിനും ഇടക്ക് കൃഷിയുള്ള 170 പേരും ഒരു ഹെക്ടറിൽ താഴെ കൃഷിസ്ഥലമുള്ള 2465 നാമമാത്രകർഷകരും പഞ്ചായത്തിലുണ്ട്. നെൽപ്പാടങ്ങൾ നികത്തൽ പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. എങ്കിലും പാർപ്പിടം കച്ചവടം എന്നീ അവശ്യങ്ങൾക്കായി നെൽപ്പാടം നികത്തുന്നതു മൂലം കൃഷിഭൂമി വിസ്തൃതി കുറായാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

കർഷകർ ഭൂരിഭാഗവും പഴയ നാടൻ വിത്തിനങ്ങൾ ഉപയോഗിച്ച് പരമ്പരാഗത കൃഷിരീതിയിൽ തന്നെയാണ് കൃഷി ചെയ്യുന്നത്. ഉഴവുയന്ത്രങ്ങൾ, രാസവളം, കീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നുണ്ടെങ്കിലും ആസൂത്രീതമായ ശാസ്ത്രീയകൃഷിരിതിയുടെ അഭാവം ഉദ്പാദന ക്ഷമതയെ ബാധിക്കുന്നു. ജൈവവള ഉപയോഗം കുറഞ്ഞുവരുന്നതും മണ്ണിൻെറ ഗുണമേൻമ കുറക്കുന്നതുവഴി ഉല്പാദനക്കുറവിനിടയാക്കുന്നു. കൃഷിഭവൻെറ സഹായം കർഷകർക്ക് യഥാസമയം ലഭ്യമായിരുന്നില്ല. 13 പാട ശേഖരകമ്മിററികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിലധികവും നിർജ്ജീവാവസ്ഥയിലാണ്. കർഷകരുടെ കൂട്ടായ്മയിലൂടെ കൃഷിച്ചെലവുകുറക്കുന്നതിനും കൃഷിരീതികൾ ഏകോപിപ്പിക്കുന്നതിനും കഴിയാതെ സർക്കാർ അനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കുന്നതിനു മാത്രമാണ് പല പാടശേഖരകമ്മററികളും ഇന്ന് നിലനിൽക്കുന്നത്

പഞ്ചായത്തിലെ കൃഷിഭവൻ ജനങ്ങൾക്ക് സുഗമമായി പ്രാപ്യമല്ലാത്ത സ്ഥലത്തായതും സ്ഥിരമായി ഉദ്യോഗസ്ഥൻമാരില്ലാതിരുന്നതും ഈ മേഖലയിൽ ഒരു പ്രശ്നമായിരുന്നു. മുഴുവൻ ഗ്രാമസഭകളിലും ഉയർന്നുവന്ന ഈ പ്രശ്നത്തിൽ ഗ്രാമ പഞ്ചായത്ത് ശക്തമായി ഇടപെട്ടതിനെ തുടർന്ന് കൃഷിഭവൻ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലേക്ക് മാററാൻ കഴിഞ്ഞു. ഉദ്യോഗസ്ഥരുടെ കുറവ് ഇപ്പോഴും പരിഹരിക്കേണ്ട പ്രശ്നമാണ്.

തുണ്ട് തുണ്ടായ കൃഷിഭൂമിയിലേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിനും, യഥാസമയം തൊഴികളെ ലഭിക്കുന്നതിനും; കീടശല്ല്യം നിയന്ത്രിക്കുന്നതിനും ജലസേചനത്തിനും വളരെയധികം പ്രശ്നങ്ങളുണ്ട്. ട്രാക്ടർ, മരുന്നുതളി, സ്പ്രയർ എന്നിവക്ക് മററുള്ളവരെ ആശ്രയിക്കേണ്ടിവരുന്നതും, രാസവളം കർഷകർ ഒററക്കൊററക്ക് വല്ലപ്പുഴ സർവ്വീസ് ബാങ്കിൽ നിന്നോ, പട്ടാമ്പി സ്വകാര്യ ഏജൻസികളിൽനിന്നോ കൊണ്ടുവരുന്നതും അധികച്ചെലവും ബുദ്ധിമുട്ടുമുണ്ടാക്കുന്നു. ഒരു പാടശേഖരത്തിൽ തന്നെ വിവിധ മൂപ്പുള്ള നെല്ലിനങ്ങൾ കൃഷിചെയ്യുന്നതുമൂലം കീടശല്ല്യം നിയന്ത്രിക്കുന്നതിന് പല ഘട്ടങ്ങളിലായി മരുന്നുതളി നടക്കേണ്ടിവരുന്നു. എല്ലാകർഷകരും കീടനിയന്ത്രണത്തിന് യഥാസമയം മരുന്നു തളി നടത്താത്തതുമൂലം മരുന്നു തളി നടത്തിയ പാടങ്ങളിൽ വീണ്ടും അത്ര കീടങ്ങളുടെ ആക്രമണ മുണ്ടാകുന്നു. കൃഷിചെയ്യുന്ന സമയം, വിത്ത് വളം ചെയ്യൽ, കീടനിയന്ത്രണം എന്നിവയിൽ ഒരു പാടശേഖരത്തിലെ കർഷകർ തമ്മിൽ പരസ്പര ധാരണ ഉണ്ടാക്കുന്നത് ഇന്നുള്ള അധികച്ചെലവും മററുപ്രശ്നങ്ങളും കുറയ്ക്കുന്നതിന്ന് ഉപകരിക്കും.

ഇന്നുള്ളപാടശേഖരകമ്മിററികൾ ഏകോപിച്ച് നാലുകമ്മിററികളായി പ.നസംഘടിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം. എഴുതി തയ്യാറാക്കിയ നിയമാവലികളും പ്രവർക്കനരേഖകളുമുള്ള കൃഴിക്കാരുടെ സഹകരണ സംഘങ്ങളാക്കുന്നത് ഗ്രൂപ്പ്ഫാമിംഗ് വഴി കൃഷിച്ചെലവ് ക.റക്കുന്നതിനും നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും കൃഷിയോടനുബന്ധിച്ച മററ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗുണകരമായിരിക്കും. കർഷകരിൽനിന്ന് വരിസംഖ്യയും കർഷകരുടെ സമ്മതത്തോടെ സർക്കാരിൽനിന്നും ലഭിക്കുന്ന സാമ്പത്തികാനുകൂല്യങ്ങളും സംഘത്തിൻെറ പ്രവർത്തന മൂലധനമായി ഉപയോഗിക്കഌവുന്നതാണ്. അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള സജീവ പ്രവർത്തകരുടെ നേതൃത്വത്തിൽ വേതനം കൊടുത്ത് മുഴുവൻ സമയം സെക്രട്ടറിയെ നിയമിച്ചും സംഘം പ്രവർത്തനം മെച്ചമായി നടത്തണം.

കർഷകരുടെ കൂട്ടായ്മയിലൂടെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കഌനും അതുവഴി ഇന്ന് ഒന്നാം വിള മാത്രമെടുക്കുന്ന 20 ഹെക്ടർ സ്ഥലത്തുകൂടി 2-ാം വിളയും 15 ഹെക്ടർ സ്ഥലത്ത് പുതുതായി 3-ാം വിളയും വ്യാപിപ്പിക്കാൻ കഴിയും. കർഷകർക്കാവശ്യമായ വിത്ത്

രാസവളം, കീടനാശിനി, കാർഷിക യന്ത്രങ്ങൾ എന്നിവ എത്തിച്ചുംകാടുക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചു വിൽപനനടത്തുന്നതിന.ം പാടശേഖര സഹകരണ സംഘം മുൻകൈ എടുത്ത് പ്രവർത്തിച്ചാൽ നെൽകൃഷി ലാഭകരമാക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിയും. കർഷക സെമിനാറുകൾ സംഘടിപ്പിച്ചും, കർഷകർക്ക് മൽസരങ്ങൾ സംഘടിപ്പിച്ചും കർഷകരെ പ്രോൽസാഹിപ്പിക്കാൻ കഴിയണം.

തെങ്ങ് കൃഷി ഈ പഞ്ചായത്തിൽ ഉദ്ദേശം 420 ഹെക്ടറിലാണ് ഇന്നുള്ളത്. ആവശ്യമായ ജലസേചനം, വളപ്രയോഗം എന്നിവയുടെ അഭാവം തേങ്ങ ഉൽപ്പാദന ക്ഷമത കുറക്കുന്നു. തെങ്ങ് കൃഷി ഇന്നുള്ളതിലും 150 ഹെക്ടർ സ്ഥലത്തുകൂടി വ്യാപിപ്പിക്കുന്നതിനും തെങ്ങിൻ തോട്ടങ്ങളിലും പുരയിടങ്ങളിലുമുള്ള തെങ്ങുകൾക്ക് ആവശ്യമായ വളപ്രയോഗവും ജലസേചനവും വഴി പഞ്ചായത്തിലെ തേങ്ങയുൽപാദനം ഇന്നത്തേതിൻെറ ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും. കർഷകരിൽ നിന്ന് തേങ്ങ, കൊപ്ര എന്നിവ സംഭരിക്കുന്നതിനും, വിപണനത്തിനോ ഉൽപന്നങ്ങളാക്കുന്നതിനോ ആവശ്യമായ സംവിധാനമുണ്ടാക്കുന്നത് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും കർഷകർ തെങ്ങു കൃഷിയിൽ കൂടുതൽ താൽപര്യം കാണിക്കുന്നതിനും ഗുണകരമായിരിക്കും. ജല ലഭ്യതകുറഞ്ഞ തെങ്ങിന് ഡ്രിപ്പ് ഇറിഗേഷൻ നടത്തുന്ന തിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ കർഷകർക്ക് ലഭ്യമാക്കണം.

പഞ്ചായത്തിൽ നിലവിലുള്ള ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിലൂടെ ഒന്നാം വിളമാത്രമെടുക്കുന്ന ഉദ്ദേശം 20 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയായും, ഉദ്ദേശം 120 ഹെക്ടർ സ്ഥലത്ത് മൂന്നാം വിളയായും പയർ, പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ ആവശ്യമായ പ്രവർത്തന പദ്ധതിയുണ്ടാക്കണം. കൃഷിഭവൻെറയും സഹകരണസംഘങ്ങളുടെയും മുൻകൈയോടെ ഓരോ സീസണിലും വിവിധ പ്രദേശങ്ങളിൽ കർഷകരുടെ യോഗം വിളിച്ചുചേർത്ത് പച്ചക്കറികൃഷിക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും, പ്രോത്സാഹനങ്ങളും നൽകണം. ഗുണമേൻമയുള്ളവിത്തുകൾ പഞ്ചായത്തിലെ കർഷകരിൽ നിന്നു തന്നെ സംഭരിച്ച് വിതരണം നടത്താം നെൽ പ്പാടങ്ങളിൽ പച്ചക്കറി കൃഷിക്ക് ജലലഭ്യതയുള്ള സ്ഥലങ്ങളിലും ഇന്നുള്ള പ്രധാന പ്രശ്നം കൃഷിസംഭരണ മാണ്. കർഷകരുടെ സഹകരണത്തിലൂടെ വേലി കെട്ടുന്നതും കൂട്ടായി കൃഷിചെയ്യാൻ കഴിയണം. യുവജനസംഘങ്ങൾ രൂപീകരിച്ച് സ്വകാര്യഭൂമി പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷിനടത്തുന്നതിനും വിപുലമായ സാധ്യതകളുണ്ട്, വിദ്ധ്യാർത്ഥികളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പരിപാടി ഊർജ്ജിത മാക്കണം. വർഷക്കാലത്തെപുരയിടങ്ങളിലും വീട്ടുമുററ ത്തെയും പച്ചക്കറി കൃഷിയും ആവശ്യമായ പ്രോത് സാഹനം നൽകിയാൽ വളരെയധികം വർദ്ധിപ്പിക്കാനാകും പയർ, മരച്ചീനി, എള്ള് വിവിധയിനം വാഴകൾ എന്നിവയുടെയും കൃഷി വ്യാപിപ്പിക്കന്നതിന് കർഷകരെ പ്രേരിപ്പിക്കണം. നേന്ത്രവാഴ കൃഷി ഇന്ന് പഞ്ചായത്തിൽ

വളരെ കുറച്ച് മാത്രമാണ് ഉള്ളത്. നല്ലയിനം വാഴയിനങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുത്ത് കൃഷി വ്യാപകമാക്കാൻ ആവശ്യമായ പ്രവർത്തനം നടത്തണം.

മററ് നാണ്യവിളകളുടെ കാര്യത്തിലം കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പ്രേരണയും നൽകുക വഴി ഉൽപ്പാദനം വളരെയേറെ വർദ്ധിപ്പിക്കാനാവും. കവുങ്ങ് കൃഷി ഇന്നുള്ളത് ഏകദേശം 16 ഹെക്ടർ സ്ഥലത്താണ്. ഇത് 25 ഹെക്ടിലേക്ക് വ്യാപിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്യ റബ്ബർ കൃഷി പഞ്ചായത്തിൽ ഇന്നുള്ളത് 20 ഹെക്ടർ സ്ഥലത്താണ് 5016 ഹെക്ടർ സ്ഥലത്തുകൂടി പുതിയതായി റബ്ബർകൃഷിനടത്താനും റബ്ബർ കർഷകരിൽനിന്നും റബ്ബർ സംഭരിക്കുന്നതിന് സംഭരണകേന്ദ്രം തുടങ്ങാനും കഴിയണം. ടാപ്പിംഗ് തൊഴിലാളികളുടെ ലഭ്യതയും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളുടെ അപര്യാപ്തതയും ഈ രംഗത്ത് ഇന്ന് പ്രശ്നങ്ങളാണ്.

പുഷ്പ കൃഷിക്കും അലങ്കാര ചെടികളുടെ കൃഷിക്കും വിപണനത്തിനും ഈ പഞ്ചായത്തിലുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തണം. പഞ്ചായത്തിൽ നാല് മേഖലകളിലും പുഷ്പ, ഫല, പച്ചക്കറി നഴ്സറികൾ ആരംഭിച്ച് ആദായകരമായി നടത്താനുള്ള സാദ്ധ്യതയുണ്ട്. കർഷകർക്ക് നഴ്സറിയും വൃക്ഷതൈ ഉൽപ്പാദനവും ആദായക രമായ ഒരു ഉപതൊഴിലായി ചെയ്യാവുന്നതാണ്. ഔഷധസസ്യകൃഷിയും പഞ്ചായത്തിൽ ലാഭകരമായി നടത്താവുന്നതാണ്.

ഗ്രാമസഭകളിൽ സ ബവചജീവ ചർച്ചാവിഷയമായ കൃഷിമേഖലയിലെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കൃഷിഭവൻെറകർഷകർക്ക് ഫലപ്രദമായി ലഭ്യമാവുന്നില്ല.

2. നെൽകൃഷി പൊതുവെ ലാഭകരമല്ല. തൊഴിലാളികളെ യഥാസമയം ലഭിക്കാത്തതും, ഉൽപ്പാദനം കുറവായതും, നെല്ലിന് സീസണിലെ വിലക്കുറവും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

3. പാടശേഖര കമ്മററികൾ പുനസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കണം.

4. ചെറുകിട നാമമാത്രകർഷകർക്ക് പാടങ്ങളിലേക്ക് ആവശ്യമായ സമയത്ത് ട്രാക്ടർ ഇറക്കാൻ കഴിയുന്നില്ല.പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 20 സ്ഥലങ്ങളിൽ പാടത്തേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് സൗകര്യമുണ്ടാക്കേണ്ടതുണ്ട്.

5. ശക്തമായ മഴക്കാലത്ത് തോട്ടുവരമ്പുപൊട്ടി കൃഷിനാശമുണ്ടാവുന്നു. തോട്ടുവരമ്പുകൾ കെട്ടി മണ്ണിടിച്ചിലും കൃഷിനാശവും തടയണം.

6. ചൂരക്കോട് പോക്കുപടി റോഡിൽ ചൂരക്കോട് തോടിന് പാലം നിർമ്മിക്കാത്തതിനാൽ മഴക്കാലത്ത് കുറെ കൃഷി ഭൂമിയിൽ നീർക്കെട്ടുണ്ടായി വിളനാശം സംഭവിക്കുന്നു.

7. പാപ്പിനിതോടിൻെറ ചില ഭാഗങ്ങൾ മണ്ണൊലിച്ച് വന്ന് ഉയർന്നത് ഓരോ വർഷവും മണ്ണ് നീക്കി ശരിയാക്കണം.

8. ആവശ്യമായ നല്ലയിനം പച്ചക്കറിവിത്തുകൾ ലഭിക്കുന്നില്ല.

9. വെള്ളയൊളി തോട് (8 മീററർ വീതി 3 മീററർ ആഴം)ഒരു കിലോ മീററർ ദൂരം സൈഡ് കെട്ടി സംരക്ഷിക്കണം.

## വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത് 2,3, സംബന്ധിച്ച് വിവരങ്ങൾ (അടിസ്ഥാന വിവര രജിസ്റ്റർ 1991)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 550 Ha |
| പുരയിടം | 1527 Ha |
| പുറമ്പോക്ക് | 83.2 Ha |
| കൃഷിയോഗ്യതരിശ് | 69 Ha |
| കൃഷിയോഗ്യമല്ലാത്തതരിശ് | 38.8 Ha |
| ആകെ. | 2268 Ha |

## വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത് 3,2, വിള വിസ്തീർണ്ണവും ഉൽപ്പാദനവും (അടിസ്ഥാന വിവര രജിസ്റ്റർ )

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപ്പാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 460 **Ha** | 1288 **Tonn** | 2.8 **Tonn** |
| നെല്ല് (രണ്ടാം വിള) | 420 **Ha** | 1008 **Tonn** | 2.4 **Tonn** |
| നെല്ല് (രണ്ടാം വിള) | 10 **Ha** | 20 **Tonn** | 2 **Tonn** |
| പയർ | 20 **Ha** | 80 **Tonn** | 4 **Tonn** |
| എള്ള് | 5. **Ha** | 280 **Kg** | 280 **Kg / Ha** |
| പച്ചക്കറി | 20 **Ha** | 1400 **Tonn** | 8 **Tonn / Ha** |
| തെങ്ങ് | 420 **Ha** | 25200 | 6000 **/Ha** |
| വാഴ | 75 **Ha** | 2625 | 35 **Tonn / Ha** |
| മരച്ചീനി | 20 **Ha** | 100 **Tonn** | 5 **Tonn / Ha** |
| കുരുമുളക് | 12 **Ha** | 3600 **Kg** | 300 **Kg/ Ha** |
| പ്ളാവ് | -------- | -------- | -------- |
| കശുമാവ് | 20 **Ha** | 16.4 **Tonn** | 850 **Kg/ Ha** |
| മാവ് | -------- | -------- | -------- |
| റബ്ബർ | 20 **Ha** | 12.6 **Tonn** | 630 **Kg/ Ha** |
| കവുങ്ങ് | 16 **Ha** | 1003 **Tonn** | 6.3 **Tonn** |
| | 1518 **Ha** | | |

# ജലസേചനം

ഈ പഞ്ചായത്തിലെ കൃഷി പ്രധാനമായും മഴയേയും പ്രകൃതി ദത്തമായ ജലസ്രോതസ്സുകളേയും ആശ്രയിച്ചായതിനാൽ പ്രധാന തോടുകളുടെയും കുളം, കിണർ എന്നിവയുടെയും സംരക്ഷണവും മെച്ചപ്പെടുത്തലും കാർഷികരംഗത്തെ പുരോഗതിക്ക് ആവശ്യമാണ്. പ്രധാന തോടുകളായ പാപ്പിനിതോട്, നെല്ലീശ്ശേരി തോട്, മണ്ണാരംതോട്, ചൂരക്കോട് തോട് എന്നിവ വെള്ളംകൊള്ളിതോടിൽ സംഗമിച്ച് തൊട്ടടുത്ത ഓങ്ങല്ലൂർ പഞ്ചായത്തിലൂടെ ഒഴുകി ഭാരതപ്പ.ഴയിൽ ചേരുന്നു. ഈ തോടുകളിലെ ജലം പരമാവധി പഞ്ചായത്തിൽ ഉപയോഗപ്പെടുന്നതിനാവശ്യമായ പദ്ധതിയുണ്ടാക്കണം. തോടുകളുടെ സംരക്ഷണത്തിനും ജലസേചനത്തിനും ചെറുകിട ജലസേചനവകുപ്പ് കഴിഞ്ഞകാലങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം പട്ടകയിൽ ചേർക്കുന്നു. ഈ പദ്ധതികളിൽ മൂന്നെണ്ണം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടതും ബാക്കിയുള്ളവ യഥാസമയം ആവശ്യമായ അററകുററ പണികൾ നടത്താത്തതിനാൽ ഉദ്ദേശിച്ചഫലം ലഭിക്കാത്ത നിലയുമാണിന്നുള്ളത് ക്രോസ്ബാറുകളുടെ പലകകൾ നശിച്ചും നഷ്ടപ്പെട്ടും പോയിരിക്കുന്നു. ഈ പദ്ധതികളുടെ ശരിയായ ഗുണം കാർഷികരംഗത്ത് ലഭിക്കണമെിൽ ചിറകളുടെ സംരക്ഷണം ആയക്കെട്ട് മേഖലയിലെ കർഷകരെ ഏൽപിക്കണം. മുൻപുണ്ടായിരുന്ന കമ്മ്യൂണിററി ഇറിഗേഷൻ സ്കീം, ആയക്കെട്ട് കർഷകസമിതികൾ എന്നിവയോ പാടശേഖരസമിതികളോ ഇക്കാര്യത്തിൽ ചുമതലയേറെറടുക്കണം. ഗ്രാമപഞ്ചായത്ത് ചിറകൾ കേടുപാടുകൾ തീർക്കുതിനും വർഷാവർഷം അററകുററപണികൾക്കുമുള്ള തുക അനുവദിക്കണം. പുതിയതായി ചിറകെട്ടുന്നതിന് ഗ്രാമസഭയിൽ ഉയർന്നുവന്നനിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | 2 | മണലിപ്പാടം |
| 2 | 2 | ചക്കുത്തപടി - പയ്യൽപാടം |
| 3 | 3 - 10 | നെല്ലിശ്ശേരി തോട് മേലെ |
| 4 | 6 - 7 | ഇരികറ |
| 5 | 6 - 7 | ചെറോട്ട |
| 6 | 8 | അന വട്ടനിലത്തിനു കിഴക്ക് കൈതോടിന് |
| 7 | 9 - 10 | മേലെ ചൂരക്കോട് പുളിയക്കോട് |

ചെറുകിട ജലസേചനവകുപ്പ് പദ്ധതി പ്രകാരം പണി പൂർത്തിയാക്കിയ പഞ്ചായത്തിലെ രണ്ടാം വാർഡിലെ മൂലത്തംകോട് കുളവും പത്താം വാർഡിലെ ചുങ്കത്ത് കുളവും ഇന്ന് ഉദ്ദേശിച്ച ഫലം ലഭിക്കാത്ത അവസ്ഥയിലാണ് .ഇവയും പഞ്ചായത്തിനുതാഴെ കൊടുത്തപൊതുകുളങ്ങളും ജനപങ്കാളിത്തത്തോടെ അററകുററ പണികൾ നടത്തി ബന്ധപ്പെട്ടകർഷകസമിതികളെ ഏൽപ്പിക്കണം.

| ക്രമനമ്പർ | വാർഡ് | കുളം |
|---|---|---|
| 1 | 2 | രാമഗിരിക്കോട്ടക്കുളം _ പടിഞ്ഞാറ് |
| 2 | 2 | രാമഗിരിക്കോട്ടക്കുളം കിഴക്ക് |
| 3 | 1 | പ്ലാച്ചിക്കോട് കുളം |
| 4 | 4 | ഞാളൂർ ചിറ |
| 5 | 5 | മുടുക്കൂന്നി കുളം |
| 6 | 7 | ആലിക്കൽ കുളം |
| 7 | 8 | കൂളത്ത് കുളം |
| 8 | 9 | പുത്തൻ കുളം |

ജലസേചനാവശ്യത്തിന് ഉപയോഗിക്കുന്ന 37 കുളങ്ങളും 85 കിണറുകളും സ്വകാര്യവ്യക്തികളുടേതായി പഞ്ചായത്തിലുണ്ട്. ഇവയിൽ പലതും ഇന്ന് ശരിയായി ഉപയോഗപെടുന്നില്ല. ആവശ്യമായ സാമ്പത്തിക സഹായവും പ്രേരണയും നൽകി ഇവയും സംരക്ഷിച്ച് ജലസേചനാവശ്യത്തിന് പരമാവധി ഉപയോഗപെടുത്താൻ കഴിയണം.

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സബ് ഡിവിഷൻ ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊട്ടടുത്ത പഞ്ചായത്ത് വരെ മാത്രമേ കനാൽ നിർമ്മാണം നടക്കുന്നുള്ളൂ. കാഞ്ഞിരപ്പുഴ കനാൽ ഈ പഞ്ചായത്തിലെ പ്രധാനകൃഷി മേഖലകളിലേക്ക് നീട്ടാൻ ആവശ്യമായ നടപടികളുണ്ടാവണം. മൈനർ ഇറിഗേഷൻ ക്ലാസ്സ് 2 പദ്ധതികളുടെ ജലനികുതി നിർത്തലാക്കണം. പണി പൂർത്തിയാക്കിയ പദ്ധതികളുടെ നിർവ്വഹണ ചുമതല ഗ്രാമ പഞ്ചായത്തിനായിരിക്കണം.

| ചെറുകിട ജലസേചനവകുപ്പ് ചെയ്ത ജലസേചന പദ്ധതികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക | പൂർത്തീകരിച്ച വർഷം | ആയക്കെട്ട് ഹെക്ടർ | ഇപ്പോഴത്തെ സ്ഥിതി |
| 1. | ചെറുകോട് ക്രോസ്ബാർ | 7500 | 1962 | 9.81 | ഉപയോഗിക്കാവുന്നത് |
| 2. | പാത്തിക്കുണ്ട്ക്രോസ്ബാർ | 28000 | 1963 | 11.17 | ഉപയോഗിക്കാവുന്നത് |
| 3. | പൂളക്കുണ്ട്ക്രോസ്ബാർ | 20100 | 1965 | 15.70 | ഉപയോഗിക്കാവുന്നത് |
| 4. | പാപ്പിനിത്തോട് ഡൗൺ സ്ട്രീം ക്രോസ്ബാർ | 7100 | 1966 | 5.32 | ഉപയോഗശൂന്യം |
| 5. | പാപ്പിനിത്തോട് ക്രോസ്ബാർ കം ബ്രിഡ്ജ് കല്ലുപാലം | 13900 | 1967 | 3.86 | ഉപയോഗശൂന്യം |
| 6. | നെല്ലിശ്ശേരി ക്രോസ്ബാർ | 19200 | 1967 | 13.98 | ഉപയോഗശൂന്യം |
| 7. | മലയത്ത്കുണ്ട് ക്രോസ്ബാർ | 14000 | 1967 | 480 | ഉപയോഗിക്കാവുന്നത് |
| 8. | കാവി ൽ ക്രോസ്ബാർ | 8200 | 1968 | 470 | റിപ്പേർ ആവശ്യമാണ് |
| 9. | തൈമുക്ക് ക്രോസ്ബാർ | 15000 | 1992 | 4.60 | ഉപയോഗിക്കാവുന്നത് |
| 10. | പാപ്പിനിത്തോട്അഗതി ക്രോസ്ബാർ | 2,00,000 | 1994 | 9.80 | ഉപയോഗിക്കാവുന്നത് |
| 11. | മണ്ണാരത്തോട്കുണ്ടുകുളം ക്രോസ്ബാർ കം ബ്രിഡ്ജ് | | | | ഉപേക്ഷിക്കപ്പെട്ട പദ്ധതി |
| 12 | അപ്പർ പാപ്പിനിത്തോട് ക്രോസ്ബാർ | | | | ഉപേക്ഷിക്കപ്പെട്ട പദ്ധതി |
| 13 | മണ്ണാരത്തോട് അക്കരതാടി ക്രോസ്ബാർ | | | | ഉപേക്ഷിക്കപ്പെട്ട പദ്ധതി |

# മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

മുൻകാലങ്ങളിൽ പഞ്ചായത്തിലെ മിക്കവാറും കാർഷികകുടുംബങ്ങളിൽ ഉഴവുകാള, പോത്ത് എന്നിവയും വളർത്തുപശുക്കളും ഉണ്ടായിരുന്നു. എരുമകൾ താരതമ്യേന കുറവായിരുന്നു. പാലുല്പാദനശേഷികുറഞ്ഞതും വലിപ്പത്തിൽ ചെറുതുമായ നാടൻ പശുക്കളും പാൽകൂടുതൽ ലഭിക്കുന്ന വലിയ കിഴക്കൻ ഇനം പശുക്കളുമാണ് ഉണ്ടായിരുന്നത്. ജൻമികുടുംബങ്ങളിൽ വലിയ തൊഴുത്തുകളും കാലിമേക്കുന്നതിന് പ്രത്യേക ജോലിക്കാരും ഉണ്ടായിരുന്നു. മേച്ചിൽ സ്ഥലങ്ങൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് കാലിവളർത്തൽ സംരക്ഷണ ചെലവുകുറഞ്ഞതും ആദായകരവുമായിരുന്നു മുഖ്യതൊഴിലായ കൃഷിയുടെ ഭാഗമായിത്തന്നെയായിരുന്നു കന്നുകാലിവളർത്തലും.

ഭൂഉടമസ്ഥതയിലും, ജനങ്ങളുടെ തൊഴിൽ, ജീവിതരീതി എന്നിവയിലും വന്നമാററത്തെ തുടർന്ന് പഞ്ചായത്തിലെ കാലിസമ്പത്തിൽ വൻ കുറവാണ് ഉണ്ടായിട്ടുള്ളത്. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞതും കാർഷിക രീതിയിൽവന്നമാററവും ഇതിനു കാരണമായിട്ടുണ്ട്. കാർഷികരംഗത്തെ യന്ത്രവൽക്കരണത്തിൻെറ ഫലമായി ഇന്ന് അപൂർവ്വം വീടുകളിൽ മാത്രമാണ് ഉഴവുകാളകളുള്ളത്. വളർത്തുപശുക്കളുടെ ഗുണനിലവാരം മൃഗസംരക്ഷണവകുപ്പിൻെറ പ്രവർത്തന ഫലമായി മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പശുവളർത്തുന്നവരുടെ എണ്ണവും മൊത്തം പാലുൽപാദനവും മുൻപുണ്ടായിരുന്നതിനേക്കാൾകുറവാണ്. കാലിസമ്പത്തിൽ വന്ന കുറവിൻെറ ഫലമായി കാർഷികരംഗത്ത് ഉപയോഗിക്കപ്പെടുന്ന ജൈവ വളത്തിൻെറ കാര്യത്തിലും കുറവുണ്ടായിട്ടുണ്ട് ആടുവളർത്തലും മുൻപുണ്ടായിരുന്നതിനേക്കാൾ വളരെയേറെ കുറഞ്ഞിട്ടുണ്ടെങ്കിലും ഈ അടുത്ത കാലത്തായി കുറെ പേരെങ്കിലും ലാഭകരമായ ഒരു തൊഴിലായി ആടുവളർത്താൻ താൽപര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിലെ മൃഗാശുപത്രി വല്ലപ്പുഴ കാളപറമ്പിലാണ്. ആശുപത്രിയുടെ സഹായം പഞ്ചായത്തിൽ മെച്ചപ്പെട്ടരീതിയിൽ ലഭിക്കുന്നുണ്ട്. കാലിവളർത്തൽ രംഗത്തും പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടത്ര പ്രോൽസാഹനം

## വളർത്തുമൃഗങ്ങൾ

| | |
|---|---|
| ഉഴവുകാള പോത്ത് | 38 ജോടി |
| വണ്ടിക്കാള | ഇല്ല. |
| പശു നാടൻ | കറവയുള്ളത് 271, കറവയില്ലാത്തത് 645. |
| സങ്കരം | കറവയുള്ളത് 304 കറവയില്ലാത്തത് 554. |
| ആട് | 1022 |
| മുയൽ | 26 |
| കോഴി | 16,322 |
| താറാവ് | 140 |
| കാട | 46 |
| വളർത്തുനായ | 392 |

കൊടുക്കാൻ കഴിഞ്ഞാൽ കുറെ ജനങ്ങളെക്കൂടി ഈ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയും. പാൽസൊസൈററിയുടെ പ്രവർത്തനത പഞ്ചായത്തിൽ ഇതുവരെ ഉണ്ടായിരുന്നില്ല. അടുത്തകാലത്തായി രണ്ടു ക്ഷീരസഹകരണസംഘം രൂപീകരിച്ച് പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണം വനിതാ സഹകരണ സംഘമാണ് ഇവയുടെ പ്രവർത്തനംവിപുലീകരിച്ച് കൂടുതൽ പേരെ ഈ രംഗത്തേക്ക് കൊണ്ടുവന്ന് പഞ്ചായത്തി നാവശ്യമായ പാൽ ഇവിടെ തന്നെ ഉൽപാദിപ്പിക്കാനും ക്ഷീര വ്യവസായ രംഗത്ത് കുറെപേർക്ക് തൊഴിലവസര മുണ്ടാക്കാനും കഴിയും. അടുത്തകാലത്ത് മിൽമ പട്ടാമ്പി യിലാരംഭിച്ച ചില്ലിംഗ് പ്ലാൻറിൻെറ സാദ്ധ്യതയും ഉപയോഗപ്പെടുത്താൻ കഴിയണം.ആടുവളർത്തുന്നതിലും അവശ്യമായ പ്രേരണയും സഹായവും നൽകി കുറെ പേർക്ക് തൊഴിലും മെച്ചപ്പെട്ടവരുമാനവുമുണ്ടാക്കാൻ കഴിയണം.

കോഴിവളർത്തൽ രംഗത്ത് വളരെയേറെ സാദ്ധ്യതകളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലേക്കാവശ്യമായ കോഴിമുട്ടയും കോഴിയിറച്ചിയും ഇന്ന് ഇവിടെ ഉൽപാദിപ്പിക്കുന്നില്ല. ആഴ്ച്ചയിൽ ശരാശരി ഇരുപതിനായിരം കോഴിമുട്ട മററു പ്രദേശങ്ങളിൽ നിന്നും പഞ്ചായത്തിൽ കൊണ്ട് വന്ന് വിററഴിക്കുന്നു. ഇവിടുത്തെ ആവശ്യം നിറവേററാ

നാവശ്യമായ മുട്ടയുൽപാദനം പഞ്ചായത്തിലുണ്ടാക്കന്നതിന് തീവ്രശ്രമം നടത്തണം ബാക്ക് യാർഡ് സിസ്ററം (വീട്ടുമുററത്തെ കോഴിവളർത്തൽ) പരമാവധിവീടുകളിൽ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കണ്ം. വ്യക്തികൾ തനിച്ചോ കൂട്ടായോ മുട്ടക്കോഴി ഇറച്ചിക്കോഴി ഫാമുകൾ ആരംഭിച്ച് ലാഭകരമായി നടത്താനുള്ള സാദ്ധ്യത പഞ്ചായത്തിലുണ്ട്. നെൽപാടങ്ങളും ജലാശയങ്ങളും ഉള്ള പഞ്ചായത്തിൽ താറാവു വളർത്തലും കുറെക്കൂടി വ്യാപിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

പഞ്ചായത്തിലെ വളർത്തുനായ്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്കളെ കൊല്ലുന്നതിന് പ്രത്യേക പ്രവർത്തനം നടത്തുകയും വേണം. മുയൽ, കാട എന്നിവ കൗതുകത്തിനു വേണ്ടി വളരെ കുറച്ചുപേർ മാത്രമാണ് ഇപ്പോൾ വളർത്തുന്നത് അതുപോലെത്തന്നെ അലങ്കാരപക്ഷികളെ വളർത്തുന്ന ഏതാനും പേരും പഞ്ചായത്തിലുണ്ട്.

മത്സ്യ കൃഷിക്ക് പഞ്ചായത്തിൽ സാദ്ധ്യതകൾ ഉണ്ടങ്കിലും ഇന്ന് ഈരംഗത്ത് കാര്യമായ പ്രവർത്തനം ഒന്നും നടക്കുന്നില്ല. ജലാശയങ്ങളിൽ സ്വഭാവികമായുണ്ടാകുന്ന മത്സ്യസമ്പത്ത് ഉപയോഗിക്കുന്നുണ്ടെങ്കിലും അൻപതിലധികം വരുന്ന കുളങ്ങളിൽ മത്സ്യം വളർത്താനുള്ള ആസൂത്രിത പദ്ധതിയൊന്നും തന്നെ ഇതുവരെയുണ്ടായിട്ടില്ല. സൈഡ് കെട്ടി സംരക്ഷിക്കപ്പെട്ട സ്വകാര്യ കുളങ്ങളും പൊതു കുളങ്ങളും മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ കഴിയണം. പൊതു കുളങ്ങൾ വ്യക്തികൾക്കോ സംഘങ്ങൾക്കോ ലേലം ചെയ്തു കൊടുക്കണം. മീൻ വളർത്തലിൽ പരിശീലനം നൽകാനും മീൻ കുഞ്ഞുങ്ങളെ എത്തിച്ചു കൊടുക്കുന്നതിനും കഴിയണം.

# വ്യവസായം

നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ്. പഞ്ചായത്ത് അതിർത്തിയിൽ വൻകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. ചെറുകിട വ്യവസായങ്ങൾ എഞ്ചിനീയറിങ്ങ് മേഖലയിൽ 3 എണ്ണവും മററു മേഖലയിൽ 12 എണ്ണവുമാണുള്ളത്. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രവർത്തിക്കുന്നവർ 100ൽ താഴെ ആളുകളാണുള്ളത്. കാർഷിക അനുബന്ധ വ്യവസായമായി 10 റൈസ്മില്ലുകൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലയിൽ അല്ലാതെ പ്രവർത്തിഎടുക്കുന്നവർ നിർമ്മാണ മേഖലയിൽ പ്രവർത്തിഎടുക്കുന്നവരാണ്.

നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ എല്ലാം തന്നെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയാണ്. മൊത്തം 85 പേർ മാത്രമാണ് ഈ മേഖലയിൽപണി എടുക്കുന്നത് റൈസ്മില്ലുകളിൽഉടമസ്ഥർ തൊഴിലാളികളായി പ്രവർത്തിക്കുന്നവരാണ്. ഈ വ്യവസായ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ ബന്ധപ്പെട്ടവ്യവസായികൾക്ക് സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ നൽകേണ്ടതാണ്.

കാർഷികാടിസ്ഥാന വ്യവസായമായി ആദ്യകാലത്തുണ്ടായിരുന്ന സ്വകാര്യ മേഖലയിലെ മരച്ചീനി പൊടി നിർമ്മാണഫാക്ടറി കാർഷിക രംഗത്ത് ഉണ്ടായ വിലമാററത്തെ തുടർന്ന് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം 10 വർഷത്തിലേറെകാലമാമായി പ്രവർത്തനരഹിതമാണ്.

പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ കുട്ട, പരമ്പ്, കുട നിർമ്മാണം കളിമൺപാത്ര നിർമ്മാണം. ചെരുപ്പ് നിർമ്മാണം. എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| കുട്ട, പരമ്പ് മുതലായവ | 28 |
| കുട നിർമ്മാണം | 12 |
| കളിമൺപാത്രം | 24 |
| ചെരുപ്പ് | 8 |

200 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇവിടെയില്ല ഉന്നത വിദ്യാഭ്യാസത്തിന് പട്ടാമ്പി. ഒററപ്പാലം, പെരി ൽമണ്ണ, മണ്ണാർക്കാട്, ഷൊർണൂർ കോളേജുകളേയും സ്ഥാപനങ്ങളേയും ആശ്രയി ക്കേണ്ടിവരുന്നു.

**S.S.L.C.** പാസ്സാകുന്ന വിദ്ധ്യാർത്ഥികൾ എല്ലാവർക്കും കോളേജുകളിൽ സീററ് ലഭിക്കാത്തതിനാൽ ഓരോവർഷവും ഈ പഞ്ചായത്തിലെ 100നും 150നും ഇടക്ക് വരുന്ന കുട്ടികൾക്ക് പാരലൽ കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു. രണ്ട് പാരലൽ കോളേജുകളും ഒരു **Type writting institute** ഉം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മതപഠനം നടക്കുന്ന 12 മദ്രസകളുമുണ്ട്.

പഞ്ചായത്തിലെ പത്ത് വിദ്യാലയങ്ങളിലായി 157+- അധ്യാപകർ ജോലിചെയ്യുന്നുണ്ട് 8 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. തസ്തിക ഒഴിവുകൾ സർക്കാർ മേഖലയിലെ സ്കൂളുകളിലാണെന്നത് വളരെ ഖേദകരമാണ് . 34 അധ്യാപകർ മാത്രമേ ഈ പഞ്ചായത്തിൽ തന്നെ സ്ഥിര താമസക്കാരായിട്ടുള്ളൂ,

## <u>ഭൗതികസാഹചര്യങ്ങൾ.</u>

കുട്ടികൾക്ക് അത്യാവശ്യമായ ബെഞ്ചുകളും ഡസ്കുകളും പഠിപ്പിക്കാനാവശ്യമായ ബ്ലാക്ക് ബോഡുകളും ഹൈസ്കൂളൊഴികെയുള്ള സ്കൂളുകളിൽ ഇല്ല. മിക്ക കെട്ടിടങ്ങളും ഓടിട്ടവയാണ് സർക്കാർ സ്കൂളുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

മിക്കസ്കൂളുകളിലും കുടിവെള്ളം ലഭ്യമല്ല. മൂത്രപ്പുരകൾ വളരെ ശോചനീയാവസ്ഥയിലാണ്.

ലൈബ്രറി, ലബോററ്ററികൾ എല്ലാ സ്കൂളുകളിലും ഉണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അവ ഉപയോഗിക്കുന്നുണ്ടോയെന്ന് കൂടുതൽ നിരീക്ഷണത്തിനു വിധേയമാകേണ്ടതാണ്.

ലൈബ്രറികളും, ലബോററ്ററികളും സെപ്ഷൽ ഫീസുകൊണ്ടുമാത്രമാണുനിലനിൽക്കുന്നത്.

**U.P**ക്ലാസുകളിലും **H.S.**ക്ലാസുകളിലും മാത്രമേ SPECIAL FEE പിരിക്കുന്നുള്ളു. പിരിക്കുന്ന SPECIAL FEE ഇവയുടെ ഇവയുടെ നടത്തിപ്പിന് തുലോം അപര്യാപ്രമായതുകൊണ്ട് കൂടുതൽ വിഭവ സമാഹരണം നടത്താനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. മിക്കസ്കൂളുകളിലും കളിസ്ഥലങ്ങൾ ഉണ്ട്.

# സ്കോളർഷിപ്പുകൾ

പട്ടികജാതിയിൽപെട്ട 154 ആൺകുട്ടികളും160 പെൺകുട്ടികളുംആണ് ലംപ്സം ഗ്രാൻറിനർഹരായിട്ടുള്ളത്. മുസ്ളിം വിദ്ധ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ് 167പെൺ കുട്ടികൾക്കാണ് കഴിഞ്ഞ വിദ്യാഭ്യാസ വർഷം ലഭിച്ചത് . വികലാംഗരായ 19 വിദ്ധ്യാർത്ഥികൾക്കും കഴിഞ്ഞവർഷം ലഭിച്ചിട്ടുണ്ട്.

മെറിറ്റോറിയസ് കഴിഞ്ഞവർഷം സ്കോളർഷിപ്പിന് അർഹരായത് 33 വിദ്ധ്യാർത്ഥികൾ ആണ് 60 ശതമാനത്തിൽ കൂടുതൽ മാർക്കുലഭിക്കുന്നത് കേവലം 16 ശതമാനം വിദ്ധ്യാർത്ഥികളാണ് 30 ശതമാനം പേർ സാമാന്യ നിലവാരത്തിനും താഴെ നിൽക്കുമ്പോൾ ഭൂരി പക്ഷം വിദ്ധ്യാർത്ഥികളും സാമാന്യ നിലവാരം മാത്രം പുലർത്തുന്നത് തീർത്തുംശുഭോദർക്കമല്ല.ഗൾഫ് മേഖലയുടെ സ്വാധീനം വിദ്യാഭ്യാസ മേഖലയെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട് ആധുനിക ദൃശ്യ ശ്രാവ്യമാധ്യമങ്ങൾ പുത്തൻ തലമുറയെ വളരെയേറെ വഴിതെററിക്കുന്നതായി കാണാം.

പട്ടിക 2.
ലംപ്സം ഗ്രാൻറ്ലഭിക്കുന്ന വിദ്ധ്യാർത്ഥികളുടെ ലിസ്ററ്

| L.P. | | Total | U.P. | | Total | H.S. | | Total |
|---|---|---|---|---|---|---|---|---|
| B | G | | B | G | | B | G | |
| 59 | 48 | 107 | 47 | 60 | 107 | 48 | 50 | 100 |

പട്ടിക 3.

| വിദ്ധ്യാർത്ഥികൾ | 30%താഴെ | 30–40 | 40–60 | 60–80 |
|---|---|---|---|---|
| L.P. | 692 | 922 | 554 | 138 |
| U.P | 373 | 745 | 637 | 112 |
| H.S. | 762 | 675 | 653 | 87 |

44

# ഗ്രാമ സഭാനിർദ്ദേശങ്ങൾ

വാർഡ് 1 : നിലവിലുള്ള സ്കൂളുകളിലേക്ക് സുഗമമായ വഴി നിർമ്മിക്കണം.

വാർഡ് 2 : ഒരു യു.പി. സ്കൂൾ സ്ഥാപിക്കണം.

സ്കൂളുകളിൽ മാതൃസംഗമങ്ങൾ സജീവമാക്കുകയും നിലവാരത്തിൽ ശരാശരിക്കു താഴെ നിൽക്കുന്ന വിദ്ധ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുകയും വേണം.

വാർഡ് 3 : നിലവിലുള്ള ഹൈസ്കൂളിലെ വിദ്ധ്യാർത്ഥികളുടെ ബാഹുല്യം പഠന നിലവാരത്തെ ദാഷകരമായി ബാധിക്കുന്നതിനാൽ പഞ്ചായത്തിൽ സൗകര്യമുള്ള ഒരു സ്കൂൾ ഹൈസ് കൂളാക്കി ഉയർത്തണം എ. എം. എൽ. പി. സ്കൂളിൽ കുടിവെള്ളം ലഭ്യമാക്കണം, മൂത്രപുര നിർമ്മിക്കണം.

വാർഡ് 4 : ഒ. എ. എൽ. പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം. ഈ സ്കൂളിൻെറ പ്രവർത്തനം ജനറൽ സ്കൂൾ കലണ്ടറനുസരിച്ച് ആക്കിമാററണം. സ്കൂൾ ചുററു മതിൽ കെട്ടി സംരക്ഷിക്കണം.

വാർഡ് 5. : വി.സി.എം.യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം. കുടിവെള്ള പ്രശ്നം പരിഹരിക്കണം, മൂത്രപുര നിർമ്മിക്കണം.

വാർഡ് 6. : 6,7,8 എന്നീ വാർഡുകളിലെ കുട്ടികൾക്ക് സൗകര്യ പ്രദമാവുന്ന രീതിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെ പഠനനിലവാരമുയർത്താൻ സന്നദ്ധസേവനത്തോടെ ട്യൂഷൻ ഏർപ്പെടുത്തണം.

വാർഡ് 7 : കെ. എൽ. എം. യു. പി. സ്കൂളിൻെറ പഠനനിലവാരമുയർത്തണം സന്നദ്ധസേവനത്തോടെ സൗജന്യ ട്യൂഷൻ നൽകുകയും ജനകീയകമ്മററികൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തുകയും വേണം. പ്രോൽസാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്ധ്യാർത്ഥികളെ കണ്ടെത്തി അവർക്കു സഹായം നൽകുകയും കൊഴിഞ്ഞു പോക്കു തടയാൻ ഒരു കമ്മററിയെ രൂപീകരിക്കുകയും വേണം. സ്ക്കൂൾ വൈദ്യുതീകരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തണം. സ്ക്കൂളിൽ കലാകായികാദ്ധ്യാപകരെ നിയമിക്കുക, Compound wall നിർമ്മിക്കുക, Uniform നിർബന്ധമാക്കുകയും. S.S.L.C ക്ക് ഏററവും കൂടുതൽ മാർക്കുനേടുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹന സമ്മാനം ഏർപ്പെടുത്തുകയും ചെയ്യണം.

വാർഡ് 8 : K.V.L.P. സ്ക്കൂൾ വൈദ്യുതീകരിക്കണം കുട്ടികൾക്ക് കളിസാധനങ്ങൾ ലഭ്യമാക്കുകയും, മൂത്രപ്പുര നിർമ്മിക്കുകയും, കുടിവെള്ളത്തിന് സൗകര്യം ഏർപ്പെടുത്തുകയും വേണം.

വാർഡ് 9 : ചൂരക്കോട് ഗവ:യു.പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തണം. വാർഡിൽ ഒരു എൽ.പി. സ്ക്കൂൾ പുതുതായി സ്ഥാപിക്കണം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

വാർഡ് 10 : പള്ളിപ്പടിക്കും ചൂരക്കോട് പാലത്തിനും ഇടക്ക് ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കുകയും ചൂരക്കോടി യു.പി.സ്ക്കൂളിൻെറ കളിസ്ഥലം വൃത്തിയാക്കുകയും വേണം.

പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും, കോളേജും, വല്ലപ്പുഴ ഹൈസ്ക്കൂളിൽ V.H.S.C. യും ആരംഭിക്കണം..

പഞ്ചായത്തിലെ എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് പ്രി പ്രൈമറി വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുകയാണെങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർക്കുവാൻ കഴീയും.

## വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന വാർഡുകളും

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | വാർഡ് |
|---|---|---|
| 1 | ഭാസ്ക്കര വിലാസം. എൽ.പി. സ്ക്കൂൾ. ചെരുകോട് | II |
| 2 | ഗവ: എൽ.പി. സ്ക്കൂൾ. ചെരുകോട് | II |
| 3 | എ. എം.എൽ.പി. സ്ക്കൂൾ. വല്ലപ്പുഴ | III |
| 4 | കൃഷ്ണ വിലാസം എൽ.പി. സ്ക്കൂൾ. മാട്ടായ. | VIII |
| 5 | വി. ഡി. എം. എൽ.പി. സ്ക്കൂൾ. മേച്ചരി | V |
| 6 | കെ. എം. എൽ. പി. സ്ക്കൂൾ. കുറുവട്ടൂർ | VI |
| 7 | ഓർഫനേജ്. എൽ.പി. സ്ക്കൂൾ. വല്ലപ്പുഴ | IV |
| 8 | എ.എൽ.പി. സ്ക്കൂൾ. ചാട്ടുങ്ങൽ | VI |
| 9 | ജി.യു.പി. സ്ക്കൂൾ. ചൂരക്കോട് | IX |
| 10 | കെ.സി.എം.യു.പി. സ്ക്കൂൾ. കുറുവട്ടൂർ | VII |
| 11 | ഹൈസ്ക്കൂൾ വല്ലപ്പുഴ | III |

# കുടിവെള്ളം

ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്ന കേരളത്തിൽ, മനുഷ്യ ജീവന്റെ നിലനിൽപിന് അത്യന്താപേക്ഷിതമായ കുടിവെള്ളത്തിന്റെ സ്ഥിതി വളരെ ശോചനീയമാണ്.

വല്ലപ്പുഴ പഞ്ചായത്തിൽ നടന്ന പത്ത് ഗ്രാമസഭകളിലും ഉയർന്നു വന്ന പ്രധന പ്രശ്നം കുടിവെള്ളത്തിന്റേതായിരുന്നു. മിക്ക വാർഡുകളിലും ഫെബ്രുവരി മാസം അവസാനത്തോടെ തന്നെ രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും കുടിവെള്ളം ശേഖരിക്കുന്നതിനായി അര കിലോമീറ്ററിൽ കൂടുതൽ നടക്കേണ്ട അവസ്ഥയുണ്ടാകാറുണ്ട്. വളരെ ഗൗരവമായി കണക്കിലെടുത്ത് പരിഹരിക്കേണ്ട ഒരു സംഗതിയാണ് കുടിവെള്ളപ്രശ്നം. കിണർ

പഞ്ചായത്തിലെ നിലവിലുള്ള ജല വിതരണ സംവിധാനങ്ങൾ തഴെ കൊടുക്കുന്നു.

| ജലവിതരണ സംവിധാനങ്ങൾ | പ്രവർത്തനക്ഷമം | പ്രവർത്തനക്ഷമമല്ല |
|---|---|---|
| ഓങ്ങല്ലൂർ-വല്ലപ്പുഴ ജലവിതരണ പദ്ധതി | | |
| യാരം ജലവിതരണ പദ്ധതി | | |
| കുറുവട്ടൂർ ജലവിതരണ പദ്ധതി | | |

പഞ്ചായത്തിലെ നിലവിലുള്ള ജല സ്രോതസ്സുകൾ

| ഇനം | നദി | അരുവി | നീർച്ചാൽ | കുളം | ചോലകൾ ഉറവ | കിണർ | കുഴൽ കിണർ |
|---|---|---|---|---|---|---|---|
| എണ്ണം | | | | 111 | 3 | 2950 | 29 |
| ആശ്രയിക്കാവുന്നവ | | | | 111 | | 2800 | 13 |
| ഉപയോഗയേ്യമല്ലാത്തവ | | | | | 3 | 150 | 16 |

29641 ഓളം ജനങ്ങൾ വസിക്കുണ ഈ പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ വെറും രണ്ട് ജല വിതരണ സംവിധാനങ്ങൾ തീരെ പര്യാപ്തമല്ല. പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന ഓങ്ങല്ലൂർ-വല്ലപ്പുഴ സംയുക്ത ജലവിതരണ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ലഭ്യമായ മൂന്ന് ചോല കുളങ്ങൾ 2-ാം വാർഡിൽ പെടുന്ന കോട്ടകുളം ചോല, പാണകോട് കുളം ചോല, മണ്ണാർക്കുന്ന് ചോല കുളം, ആവശ്യമായ അററകുററപണികൾ നടത്തി ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് വിതരണം ചെയ്യുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ഈ മൂന്നു ചോലകളും പഞ്ചായത്തിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്ന പ്രദേശത്താണ് നിലകൊള്ളുന്നത് എന്നുള്ളത് മററു യന്ത്ര സംവിധാനങ്ങളൊന്നും ഇല്ലാതെ തന്നെ ജലവിതരണം നിർവ്വഹിക്കുന്നതിന് സഹായകമായിരിക്കും.

നിലവിലുള്ള പൈപ്പ് ലൈനുകളുടെ അററകുററപ്പണികൾ യഥാസമയം നടത്തുന്നതിലുള്ള വീഴ്ചയാണ് എടുത്തുപറയേണ്ട മറെറാരു പ്രശ്നം. ഇതു പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ പത്തുവാർഡുകളിലായി നടന്ന ഗ്രൂപ്പ് ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നീർദ്ദേശങ്ങളും, പരിഹാരങ്ങളും താഴെ കൊടുക്കുന്നു.

വാർഡ് 1.

ചെറുകോട്, പുതിയറോഡ്, അമയൂർ, ഓവുങ്കൽ തോട്, പെരിഞ്ചേരി കുന്ന്, ചോലകുന്ന്, ചട്ടാംമ്പററ കുളത്തിൻെറ സമീപം, ചക്കാലം കുന്നത്ത് മുവ്വാങ്കര കുളത്തിൻെറ സമീപം പ്ലാച്ചിക്കോട്, ചാത്തനാട്ടു കുഴി കോളനി, പ്ലാച്ചിക്കോട് ഞെണ്ടിപ്പുറത്ത്, കളത്തിൽ പുത്തൻ പീടികയ്ക്കൽ ചന്ദ്രൻ നായരുടെ വീടിനുസമീപം, പ്ലാച്ചിക്കോട് കോയപ്പടി എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുക.

വാർഡ് 2.

പാണക്കോട്, നമ്പിയത്തുപടി, മുലത്തംകോട്. ചെമ്പോളികുണ്ട് എന്നീ പ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നത്തിന് കാരമ്പററഭാഗത്ത് വാട്ടർ ടാങ്ക് കെട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്. കല്ലുവളപ്പിലെ കുളം പടുത്ത് ശരിയാക്കിയാൽ ജല വിതരണത്തിനായി ഇതിനെ ആശ്രയിക്കാവുന്നതും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതുമാണ്.

47

വാർഡ് 3.

വല്ലപ്പുഴ ഹൈസ്ക്കൂളിന് സമീപക്കും, അമ്പലപ്പാട്ട് പറമ്പീൽ ഹരിജൻ കോളനിയിലും കുടിവെള്ളക്ഷാമം ഏർപ്പെടുത്തണം. സ്ക്കൂളിലേക്ക് കുടി വെള്ളം എത്തിക്കാൻ സൗകര്യം ചെയ്യുക. ആനക്കോട് യാറം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

വാർഡ്.4.

മണ്ണാർകുന്ന് ചോലയിലെ വെള്ളം ടാങ്ക് കെട്ടി ശേഖരിച്ച് വിതരണം ചെയ്യാം. ആനക്കോട ഭാഗത്ത് പൊതു കിന്നറുകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക. ഞാളച്ചിറക്കുളം ആഴം കൂട്ടി ജലം സംഭരിച്ച് കുടിക്കാനും, കൃഷിക്കും ഉപയോഗിക്കാവുന്നതാണ്. വാർഡിലെ ആവശ്യമായ എല്ലാ സ്ഥലത്തേക്കും പൈപ്പ് ലൈൻ നീട്ടി വെള്ളം എത്തിക്കുക.

വാർഡ്5.

മലപ്പുറത്ത് നിലവിലുള്ള കുഴൽ കിണറിനടുത്ത് ഒരു ടാങ്ക് നിർമ്മിച്ച് അതിൽ നിന്നും മലപ്പുറം ഭാഗത്തേക്ക് ഇപ്പോൾ നിലവിലുള്ള പൈപ്പിലൂടെ വെള്ളം നൽകി ഇവിടുത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ഉള്ളാളിക്കുളം പള്ളിയുടെ സമീപത്തുള്ള കിണർ നന്നാക്കുക. ഉപയോഗ യോഗ്യമല്ലാതെ കിടക്കുന്ന പഞ്ചായത്ത് കിണർ നിൽക്കുന്ന ഭാഗത്ത് കുഴൽ കിണർ ഉണ്ടാക്കുക.

വാർഡ്6.

അമ്പലക്കുന്ന്, പീഡംകുന്ന്, തെക്കുമുറി, തെച്ചിക്കാട് കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ ഉണ്ടാക്കുക.. കുറുവട്ടൂരിൽ ടാങ്ക് കെട്ടി ശുദ്ധജലം വിതരണം ചെയ്യുക. കുറുവട്ടൂർ കിഴക്കേകരയിൽ പുതുതായി നിർമ്മിച്ച കുഴൽ കിണറിലെ വെള്ളം വിതരണം ചെയ്യാനുളള ഏർപ്പാടുണ്ടാക്കുക. കേടുവന്ന പൈപ്പ് ലൈനുകളും ടാപ്പുകളും നന്നാക്കുക.

വാർഡ് 7.

മനയ്ക്കൽ പടി, ചെവിയ്ക്കൽ പടി, കുറുവട്ടൂർ ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിച്ച് ഹാൻഡ് പമ്പുകൾ സ്ഥാപിക്കുക. വാർഡിൻെറ വിവിധ പ്രദേശങ്ങളിൽ പത്തോളം ഓപ്പൺ കിണറുകൾ കുഴിക്കുക. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ റിപ്പയർ ചെയ്യുകയും, ലക്ഷം വീട് കോളനിയിൽ അപകടാവസ്ഥയിൽ കിടക്കുന്ന കിണറിന് ഉടനടി ആൾമറ കെട്ടുകയുംചെയ്യുക. ഉപയോഗശൂന്യമായി കിടക്കുന്ന പതിനഞ്ചോളം പൊതുടാപ്പുകൾ ഉണ്ട്. ഇവ ഉടനടി റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുക. പരപ്പൻ കല്ല്, പിഷാരത്ത് പടി റോട്ടിലും, കാട്ടിലമ്പുഴയിലും പുതുതായി പൈപ്പ്

ലൈൻ ഇട്ട് പൊതുടാപ്പുകൾ ഇടുക. പരപ്പൻ കല്ലിലുള്ള കുഴൽ കിണറിലെ വെള്ളം പരിശോധിച്ച് ഗുണപ്രദമല്ലെങ്കിൽ അവിടെ വേറെ കുഴൽ കിണർ നിർമ്മിയ്ക്കുക. ചെവിയ് ക്കൽ പടിക്കു സമീപം റെയിൽ ക്രോസ് ചെയ്ത് പൈപ്പ് ലൈനുകളെ ബന്ധിപ്പിയ്ക്കുക.

വാർഡ് 8.

മാട്ടായ, കൃഷ്ണവിലാസം സ്ക്കൂൾ പരിസരം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുക. ഇതിനുവേണ്ടി യാറം കുഴൽ കിണറിൽ നിന്നും നിലവിൽ പമ്പുചെയ്യുന്ന വെള്ളം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ ഭാഗത്തേക്ക് പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പുകൾ നൽകുകയാണെങ്കിൽ പ്രശ്നം പരിഹരിയ്ക്കാവുന്നതാണ

വാർഡ് 9

മൂത്തേടത്തു പടിയ്ക്കൽ കുഴൽ കിണർ കുഴിയ്ക്കുക തെക്കേ കുന്ന് ഹരിജൻ കോളനി, പറക്കുന്ന്, മേക്കാട്ടു കുന്ന് കോളനി, പുഞ്ചപ്പാടം എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിയ്ക്കുക. ജലലഭ്യത പരിശോധിച്ച് ചേരിക്കല്ലിൽ കുഴൽകിണർ നിർമ്മിച്ച് ടാങ്കു കെട്ടി നിലവിലുള്ള പൈപ്പ് ലൈനിലൂടെ ജലവിതരണം നടത്താവുന്നതാണ്.

വാർഡ് 10

മുഴുവൻ കോട് ലക്ഷംവീട് കോളനിയിൽ കുഴൽ കിണർ സ്ഥാപിക്കുക. ഓങ്ങല്ലൂർ. വല്ലപ്പുഴ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുകയും വല്ലപ്പുഴയ്ക്ക് മാത്രമായി പമ്പിംഗ് സ്റ്റേഷനുകളുടെ നിയന്ത്രണവും, പൊതു ടാപ്പുകൾ റിപ്പയർ ചെയ്യാനുള്ള അധികാരവും പഞ്ചായത്തുകളെ ഏൽപ്പിയ്ക്കുകയും ചെയ്യുക. കുടിവെള്ളം ദുരുപയോഗപ്പെടുത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുക.

# ഊർജ്ജം

ഗൗരവമായ ബോധവൽക്കരണം ആവശ്യമുള്ള ഒരു മേഖലയാണിത്. ഊർജ്ജം എന്ന പദം തന്നെ തെറ്റിദ്ധരിക്കപ്പെട്ട തരത്തിലാണ് നമ്മുടെ ഗ്രാമീണർ മനസ്സിലാക്കിയിരിക്കുന്നത്. വൈദ്യുതിയും, ബന്ധപ്പെട്ട കാര്യങ്ങളും മാത്രമെ ഊർജ്ജത്തിന്റെ പരിധിയിൽ വരികയുള്ളൂ എന്ന ഒരു ധാരണയാണ് നമ്മുടെ ജനങ്ങളുടെ ഇടയിൽ ഉള്ളത്. ഈ ധാരണ മാറ്റുന്നതിനുള്ള ഒരു തീവ്രശ്രമം തന്നെ നടത്തേണ്ടിയിരിക്കുന്നു.

ഊർജ്ജത്തിന്റെ ഉപഭോഗത്തിൽ വരുന്ന നഷ്ടമാണ് മറ്റൊരു ഗൗരവമായ പ്രശ്നം. ഗാർഹിക ആവശ്യത്തിനായി ഇന്നും ഗ്രാമീണജനങ്ങളുടെ പ്രധാന ഇന്ധനമായ വിറകിന്റെ കാര്യത്തിൽ തന്നെ ഇത് വളരെ പ്രകടമാണ്. വിറകിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ ഏകദേശം 10% മാത്രമെ പാചകകാര്യങ്ങളിലും മറ്റും ഉപയോഗിക്കപ്പെടുന്നുള്ളൂ. ബാക്കി ഊർജ്ജം നഷ്ടപ്പെടുകയാണ്. വീടുകളിൽ നിർമ്മിക്കുന്ന നമ്മുടെ അടുപ്പിന്റെ ഘടനയുടെ തകരാണ് ഇതിന് പ്രധാനകാരണം. ശാസ്ത്രസാഹിത്യപരിഷത്ത് പ്രചാരത്തിൽ കൊണ്ടുവന്നിട്ടുള്ള "പുകയില്ലാത്ത അടുപ്പുകൾ" ഈ പ്രശ്നം പരിഹരിക്കുന്നതിനും, ദക്ഷത വർദ്ധിപ്പിക്കുന്നതിനും ഉള്ള ഒരു മാർഗ്ഗമാണ്. ഇത്തരം ദക്ഷത കൂടിയ അടുപ്പുകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

വിറകിന്റെ ലഭ്യത ക്രമേണ കുറഞ്ഞുവരുന്ന ഒരു അവസ്ഥയാണ് വനനശീകരണം മൂലവും മറ്റും നാം കണ്ടുവരുന്നത്. ഇതിന് പരിഹാരമായി മറ്റു ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തേണ്ടതാണ്.

നിത്യോപയോഗ ഊർജ്ജസ്രോതസ്സിൽ പ്രധാനമായി വരുന്ന മറ്റൊന്ന് മണ്ണെണ്ണയാണ്. ഒരു മാസത്തിൽ 15000 ലിറ്റർ മണ്ണെണ്ണ എ.ആർ.ഡി. ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്നണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിൽ 5% ത്തോളം മണ്ണെണ്ണ കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

കാളകളെയും, പോത്തുകളെയും ഉപയോഗിച്ചുള്ള നിലമുഴൽ അസ്തമിച്ചുതുടങ്ങിയതിനാൽ ട്രാക്ടറുകളും, ട്രില്ലറുകളും ആണ് പ്രചാരത്തി

ലുള്ളത്. ഇക്കാരണത്താൽ ഡീസലിന്റെ ഉപയോഗവും വർദ്ധിച്ചുവരുന്നുണ്ട്.

ആകെ 5111 വീടുകൾ ഉള്ള വല്ലപ്പുഴ പഞ്ചായത്തിലെ കേവലം 2000 വീടുകളിൽ മാത്രമെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളൂ. വോൾട്ടേജ് കമ്മി ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നമാണ്. ഇതിനുള്ള കാരണങ്ങൾ പലതാണ്.

1. ശേഷികുറഞ്ഞ ട്രാൻസ്ഫോർമറുകൾ
2. സമയാസമയങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിലുള്ള വീഴ്ച.
3. സ്റ്റെപ്പ്-അപ്പ്, സ്റ്റെബിലൈസർ എന്നിവയുടെ അമിതമായ ഉപയോഗം.

മേൽ കൊടുത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. പഞ്ചായത്തിന്റെ പലഭാഗത്തും സിംഗിൾഫേസ് ലൈൻ മാത്രമാണുള്ളത്. ഇക്കാരണത്താലും വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നുണ്ട്. ഇവ ത്രീ ഫേസ് ലൈനുകളാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവന്ന ഏതാനും നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

- പന്നിയംകുന്ന് കാരംപറ്റയിൽ ഇതുവരെയും വൈദ്യുതി എത്തിയിട്ടില്ല. 200ൽ പരം വീട്ടുകാർ ഈ ഭാഗത്ത് താമസിക്കുന്നുണ്ട്. ഈ ഭാഗത്തേക്ക് ഒരു ട്രാൻസ്ഫോർമർ പാസ്സായതായി അറിയുന്നു. വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ചൂരക്കോട് പാലം മുതൽ അത്താണിവരെയുള്ള ഭാഗത്ത് ത്രീഫേസ് ലൈൻ ഏർപ്പെടുത്തുക.
- പഞ്ചായത്തിലെ നിലവിലുള്ള റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
- വീട്ടിക്കുന്നത്ത് ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കുക.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ചെമ്മൻകുഴിഭാഗത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
- വല്ലപ്പുഴയിൽ ഇലക്ട്രിസിറ്റി ബിൽ അടക്കുവാനുള്ള സൗകര്യാർത്ഥം ഒരു കൗണ്ടർ സ്ഥാപിക്കുക.
- വിന്റ് മിൽ നിർമ്മിക്കുക, സോളാർ എനർജി യൂണിറ്റ് സ്ഥാപിക്കുക.
- പ്ലാച്ചിത്തോട് ഒവ്വുങ്ങൽ ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
- പാലക്കാട്ട് തൊടി ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ട ഏർപ്പാടു കൾ ചെയ്യുക.
- വൈദ്യുതിയുടെ കാര്യത്തിൽ വല്ലപ്പുഴ പഞ്ചായത്തിന്റെ കാര്യം വളരെ ശോചനീയമാണെന്നാണ് വസ്തുതകൾ കാണിക്കുന്നത്. പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.
- പാരമ്പര്യേതര ഊർജ്ജത്തെക്കുറിച്ചും Compact Flurescent Lampകളെകുറിച്ചും മറ്റ് ആധുനിക ഊർജ്ജസംരക്ഷണ രീതികളെക്കുറിച്ചും ബോധവൽക്കരണം കാര്യക്ഷമമായി നടത്തണം



# സാംസ്കാരിക രംഗം

തുയിലുണർത്തുപാട്ട് കേട്ടുണർന്നിരുന്ന വിഷുപ്പുലരികളും തിരുവോണപ്പുലരികളും ഇന്നീ ഗ്രാമത്തിന്റെ ഓർമ്മകളിൽ മാത്രമാണ്. കുടവും വീണയുമായി നാവോർ പാടിയിരുന്ന പുള്ളുവനും, ഉറക്കെ ഈണത്തിൽ പാടുന്ന കാളപൂട്ടുകാരും, നട്ടുതീർന്ന പാടവരമ്പത്ത് വാഴനട്ട് ചുറ്റും നിന്ന് പാടിയിരുന്ന കർഷകതൊഴിലാളികളും ഇന്നത്തെ തലമുറക്ക് കേട്ടറിവ് മാത്രം. പല ഗ്രാമീണ കലാരൂപങ്ങളുടെയും തനിമ ഇനിയും നഷ്ടപ്പെട്ടുപോകാത്ത പിൻതുടർച്ചക്കാർ പഞ്ചായത്തിലിപ്പോഴും ഉണ്ട്. മുളയൻകാവ് ക്ഷേത്രത്തിലെ വേല, പൂരം എന്നിവയുമായി ബന്ധപ്പെട്ട് പൂതൻ, തിറ തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങൾ ഇന്നും നിലവിലുണ്ട്.

ചെറുകോട് ചെമ്പോളി കുട്ടൻ നായർ പരിചമുട്ടുകളി, ചവിട്ടുകളി എന്നിവയുടെ ആശാനായിരുന്നു. ചൂരക്കോട് മേക്കാട്ട് മനയോടനുബന്ധിച്ച് സംഘക്കളിയുടെ ഒരു സെറ്റുണ്ടായിരുന്നു.

സാമൂഹ്യരംഗത്ത് വന്ന മാറ്റത്തെ തുടർന്ന് സാംസ്കാരിക രംഗത്തും വളരെയേറെ മാറ്റങ്ങളുണ്ടായി. ദേശീയ പ്രസ്ഥാനത്തിന്റെയും, സാമൂഹ്യപരിഷ്കരണപ്രസ്ഥാനത്തിന്റെയും അലയൊലികൾ ഈ പഞ്ചായത്തിലും ഉണ്ടായി, അയിത്താചരണത്തിനെതിരായും മാറുമറക്കാനുള്ള അവകാശത്തിന് വേണ്ടിയും ആവേശകരമായ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും, പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസ്ഥാനത്തിന്റയും ഭാഗമായി ഒറ്റപ്പെട്ട സാക്ഷരതാ പ്രവർത്തനങ്ങളും, പത്രമാസിക പ്രചാരണപ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. എങ്കിലും സംഘടിതമായി കലാ,സാംസ്കാരിക,ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ കാര്യമായി ഉണ്ടായിട്ടില്ല. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് ഗ്രന്ഥശാലകളും കലാകായിക ക്ലബ്ബുകളും സംഘടിപ്പിക്കാനുള്ള കാര്യമായ പ്രവർത്തനം നടന്നിട്ടുള്ളത്. പഞ്ചായത്തിൽ ഇന്ന് ഏറ്റവും പഴക്കമുള്ള വായനശാല കൃഷ്ണവിലാസം സ്കൂളിന് സമീപം പ്രവർത്തിക്കുന്ന വിവേകാനന്ദ വായനശാലയാണ്. പഞ്ചായത്ത് വായനശാല ഇന്ന് പ്രവർത്തനരഹിതമാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മറ്റൊരു വായനശാല കുറുവട്ടൂർ കൈരളി വായനശാലയാണ്. ചെറുകോട് മുമ്പുണ്ടായിരുന്ന ഗ്രാമീണ വായനശാല ഇന്ന് നിലവിലില്ല. രജിസ്റ്റർ ചെയ്യാത്ത 7 കലാകായിക ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർ

ത്തിക്കുന്നു. ഇവയുടെ നേതൃത്വത്തിൽ കായിക രംഗത്തും കലാരംഗത്തും ഏതാനും പ്രവർത്തന ങ്ങൾ നടക്കുന്നതല്ലാതെ സമഗ്രമായ ഒരു കലാ കായിക പ്രോത്സാഹനമോ മത്സരങ്ങളോ പഞ്ചാ യത്തിൽ ഇല്ല.

നിലവിലുള്ള ക്ലബ്ബുകൾ പ്രവർത്തനം മെച്ചപ്പെടുത്താനും ഗ്രന്ഥശാലാ പ്രവർത്തനമ ടക്കം സാസ്കാരികനിലവാരമുയർത്താനുള്ള പ്ര വർത്തനപദ്ധതിയുണ്ടാക്കണം. പഞ്ചായത്തിലെ സ്കൂളുകളിൽ വിദ്യാർത്ഥികളിൽ കലാ-കായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം കൊടുക്കാൻ വേണ്ട പ്രവർത്തനം നടത്തണം. ഗ്രാമപഞ്ചായ ത്തിലെ കലാസമിതികളെയും ക്ലബ്ബുകളെയും മറ്റ് കലാകായിക പ്രവർത്തകരെയും ഏകോപിപ്പിച്ച് ആസൂത്രിതമായ പ്രവർത്തനപരിപാടി തയ്യാറാ ക്കണം. വർഷം തോറും കലാകായിക മത്സര ങ്ങൾ സംഘടിപ്പിക്കാനും പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കാനും കഴിയണം.

വായനയുടെ കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടാകണമെങ്കിൽ സ്കൂൾ വിദ്യാർത്ഥി കളെ വായനാശീലമുള്ളവരാക്കാനുള്ള പ്രവർ ത്തനം വേണം. ആധുനിക ഇലക്ട്രോണിക് മാധ്യ മങ്ങളുടെ സ്വാധീനം ഗൗരവമയ വായനയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മാതൃഭൂമി, മലയാളമനോരമ, ദേശാഭിമാനി, മാധ്യമം, ജന്മഭൂമി, ചന്ദ്രിക എന്നീ പത്രങ്ങളും മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, മംഗളം, ചന്ദ്രിക, കലാകൗമുദി എന്നീ വാരികകളും പ്രചാരത്തിൽ ഉണ്ട്. സിനിമാവാരികകളും, മംഗളം, മനോരമ എന്നീ വാരികകളും വായിക്കുന്നതിനാണ് സാധാ രണക്കാർ കൂടുതൽ താൽപര്യം കാണിക്കുന്നത്. സാംസ്കാരിക രംഗത്തെക്കുറിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. നിലവിലുള്ള പഞ്ചായത്ത് ലൈബ്രറി തുറന്ന് പ്രവർത്തനക്ഷമമാക്കണം.
2. വിവേകാനന്ദ വായനശാല വിപുലീകരിക്കാ നുള്ള പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിന്റെ സഹായം വേണം.
3. കലാകായിക ക്ലബ്ബുകൾക്ക് അംഗീകാരം കൊടുത്ത് പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ സഹായം വേണം.
4. പഞ്ചായത്തിൽ പൊതു കളിസ്ഥലവും, ഓപ്പൺ ഓഡിറ്റോറിയവും നിർമ്മിക്കണം.
5. ഓരോ വാർഡിലും കലാകായിക ക്ലബ്ബുകൾ സംഘടിപ്പിച്ച് അതിലൂടെ ദൃശ്യശ്രാവ്യ മാധ്യ മങ്ങളും പത്രമാസികകളും താണവരുമാന ക്കാർക്കുകൂടി ലഭ്യമാക്കണം.



# ആരോഗ്യം



മുമ്പു കാലങ്ങളിൽ ചില പാരമ്പര്യ വൈദ്യ കുടുംബങ്ങൾ മാത്രമായിരുന്നു നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ രംഗത്തുണ്ടായിരുന്നത്. അന്ധവിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്ന ജനങ്ങൾ മുൻഗണന നൽകിയിരുന്നത്. ആധുനിക വൈദ്യശാസ്ത്രം ഇത്രയൊക്കെ പുരോഗമിച്ചിട്ടും ഇന്നും പലരും ഇതേ ചികിത്സ സമ്പ്രദായം തന്നെ തുടർന്നുവരുന്നുണ്ട് എന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഏക ആരോഗ്യ കേന്ദ്രം വല്ലപ്പുഴ PHC മാത്രമാണ്. ഇതിന്റെ കീഴിൽ രണ്ടു സബ്-സെന്ററുകളും പ്രവർത്തിയ്ക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ ഒരു ഡോക്ടറും, ലേഡീഡോക്ടറും അടങ്ങുന്ന ഒരു ചെറിയ ആശുപത്രിയും പ്രവർത്തിച്ചുവരുന്നുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഒന്നിലും ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമല്ല. ഒരു സ്ത്രീ രോഗ വിദ്ഗധയുടെ സേവനം ലഭ്യമാക്കണമെന്ന് കുറെ നാളുകളായി മുറവിളികൂട്ടിയിട്ടും ജനങ്ങളുടെ ആവശ്യം ഇതുവരെയും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്. ആരോഗ്യ പരിപാലനരംഗത്ത് ഒരു പക്ഷേ മരുന്നുകളെക്കാൾ അധികം പ്രയോജനം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. നിർഭാഗ്യവശാൽ ഫീൽഡുവർക്കർമ്മാർ ബോധവൽക്കരണ പരിപാടികൾ പരിമിതപ്പെടുത്തി നടപ്പാക്കുന്നു. ഇതൊക്കെയാണെങ്കിലും പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും കാണുന്നു. ഈ വിമുഖത ആരോഗ്യ രംഗത്ത് പ്രവർത്തിയ്ക്കുന്ന സ്വകാര്യസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

പഞ്ചായത്തിലെ 3112 കുടുംബങ്ങൾക്ക് ഇപ്പോഴും പ്രാഥമികാവശ്യമായ കക്കൂസ് ഇല്ല എന്നുള്ളതാണ് വസ്തുത. ഇത് ആരോഗ്യ രംഗത്ത് രൂക്ഷമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശുചിത്വവുമായി ബന്ധപ്പെട്ട പല രോഗങ്ങൾക്കും ഇതുതന്നെയാണ് കാരണം.

ഗ്രാമസഭകളിൽ ഗൗരവമായി വന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും അടിയന്തിരമായി കക്കൂസ് നിർമ്മിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

വ്യവസായ വൽക്കരണത്തിന്റെ തോത് തുലോം കുറഞ്ഞതിനാൽ കാര്യമായ പരിസര ശുചിത്വ പ്രശ്നം ഈ പഞ്ചായത്തിലില്ല. എന്നിരിയ്ക്കലും ആസൂത്രിതമായ അഴുക്കുചാൽ സംവിധാനം പഞ്ചായത്തിൽ ഇല്ല. ഇതു പൊതുനിരത്തുകളിലും വിശേഷിച്ചു പ്രധാന കവലകളിൽ മാലന്യങ്ങൾ കൂമ്പാരം കൂടുന്നതിനും മറ്റ് ആരോഗ്യ പ്രശ്നങ്ങളിലേയ്ക്കും വഴിതെളിയ്ക്കുന്നു.

ശുചികരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വിരം ജീവനക്കാരെ നിയമിയ്ക്കുകയും, പൊതു കവലകളിലും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും ചപ്പുചവറുകൾ സംഭരിയ്ക്കുന്നതിനായി ഡ്രമ്മുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് ഒരു വാഹനവുമാവശ്യമാണ്.

പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ പിടിയ്ക്കുന്നതിനും, വളർത്തു നായ്ക്കൾക്കും മറ്റു "പേ" പിടിയ്ക്കാൻ സാദ്ധ്യതയുള്ള മൃഗങ്ങൾക്കും പ്രതിരോധകുത്തിവെയ്പ്പ നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

"ക്ലീൻ -ഗ്രീൻ വല്ലപ്പുഴ" എന്ന പേരിൽ ഒരു പ്രൊജക്റ്റ് പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേ ശങ്ങൾ.

### വാർഡ് 1

മനക്കൽപടി സബ്സെൻറർ ആശുപത്രിയായി ഉയർത്തുക.

### വാർഡ് 2

വല്ലപ്പുഴ ഹെൽത്ത് സെന്ററിലെ സൗകര്യം വർദ്ധിപ്പിക്കുകയും, ആശുപത്രിയിൽ ഒരു സ്ഥിരം സ്ത്രീ വിദഗ്ധ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക. എല്ലാ സമയത്തും ചുരുങ്ങിയത് ഒരു ഡോക്ടറുടെയെങ്കിലും സേവനം ഉറപ്പാക്കുക. പഞ്ചായത്തിൽ ഒരു ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായക്കളെ പിടിയ്ക്കാൻ ഒരു സംവിധാനം ഉണ്ടാക്കുക.

### വാർഡ് 3

വല്ലപ്പുഴ ഹെൽത്ത് സെന്ററിൽ വേണ്ടത്ര മരുന്നും, മറ്റു ചികിത്സാ സൗകര്യങ്ങളും (എക്സ-റേ ലബോറട്ടറി തുടങ്ങിയവ) ഉണ്ടാക്കുക.

### വാർഡ്-4

ആയുർവ്വേദ ആശുപത്രി നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുക. റോഡുവക്കിലെ മത്സ്യ-മാംസ കച്ചവടം ഒരു പൊതുമാർക്കറ്റ് ഉണ്ടാക്കി അങ്ങോട്ടുമാറ്റുക. കാളപറമ്പിൽ റോഡ

ഭവന നിർമ്മാണ രംഗത്ത് ഏജൻസികളായി പ്രവർത്തിക്കുന്ന ബ്ലോക്ക് ഭവനനിർമ്മാണ സംഘം സഹകരണ കാർഷിക ഗ്രാമവികസന ബ്ലോക്ക് എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ ഭവനവായ്പകൾ സാധാരണക്കാരന് ലഭിക്കണമെങ്കിൽ സങ്കീർണ്ണമായ വ്യവസ്ഥകൾ കാരണം ആളുകൾ വായ്പയെടുക്കാൻ മടി കാണിക്കുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി വായ്പാവ്യവസ്ഥകൾ ഉദാരമാക്കുകയും പലിശനിരക്ക് കുറക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥയോട് കൂടി വീട് നിർമ്മിച്ച് നൽകുക, ഭവന ബോർഡ് വഴി ദുർബല ഇതര വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ഭവനവായ്പ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. അതുപോലെ വീട് പുതുക്കിപണിയുന്നതിനുള്ള സഹായം നൽകാൻ ഒരു ഏജൻസി ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ വിവിധ സ്കീമുകളിലായി (RLEGP, NREP, MRY, JRY, IAY) ഇതുവരെ അനുവദിച്ചത് 161 വീടുകളാണ്. ഇത് വളരെയധികം കുറവാണ് എന്നുകാണാം. നിർമ്മാണ സാമഗ്രികൾക്കുള്ള അമിതമായ വിലകയറ്റവും ഈ രംഗത്തെ കൂലിക്കൂടുതലും സാധാരണക്കാർക്ക് വീട് നിർമ്മിക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

പഞ്ചായത്തിലാകെ 19 ഹരിജൻ കോളനികളിലായി 346 കുടുംബങ്ങളും 2760 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹിരക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ വെക്കുന്നു.

1. ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന വായ്പാ സംഖ്യ ഉയർത്തുക.
2. ഗവൺമെന്റ് മുഖേന നടപ്പിലാക്കുന്ന സൗജന്യ ഭവനനിർമ്മാണ ഗ്രാന്റുകളുടെ പരിധി 30,000ക. യാക്കുക.
3. പഞ്ചായത്ത്തലത്തിൽ ഭവന നിർമ്മാണ സംഘങ്ങൾ രൂപീകരിക്കുക.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ ഗവൺമെന്റ് ഇടപെടൽ ഉണ്ടാവുക.
5. ചിലവുകുറഞ്ഞ വീടുകളുടെ പ്രചരണം വിപുലമാക്കുക.
6. വീടുകൾ റിപ്പയർ ചെയ്യുന്നതിന് പ്രത്യേകം ഏജൻസിയെ ഏർപ്പെടുത്തുക.
7. മുൻകാലങ്ങളിൽ സഹായം ലഭിച്ച് നിർമ്മിക്കപ്പെട്ട വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രത്യേക ഏജൻസിയെ ഏർപ്പെടുത്തുക.
8. നടപ്പിലാക്കുന്ന ഭവനപദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

നമ്മുടെ പഞ്ചായത്തിൽ ലക്ഷംവീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ വളരെയധികം കഷ്ടതയോടെ ജീവിക്കുന്നത് കാണാം. കാരണം ഇത്തരം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ട സഹായങ്ങൾ ലഭ്യമല്ലാത്തതു തന്നെ. പല ലക്ഷം വീടുകളും തകർന്ന് ഓലപ്പുരകളിലാണ് ജനങ്ങൾ താമസിക്കുന്നത്. ഇവയുടെ അറ്റകുറ്റപ്പണികൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

വീട് വെക്കുന്നതിനുവേണ്ട 4സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുകയും അവർക്ക് വീട് വെക്കുന്നതിനു വേണ്ട സഹായം ലഭ്യമാക്കേണ്ടതുമാണ്.

# സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിനായി ധാരാളം ക്ഷേമപദ്ധതികൾ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അവയൊന്നും തന്നെ ഈ രംഗത്ത് പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടില്ല. കൂടാതെ സംഘടിത തൊഴിലാളികൾക്കും, അസംഘടിതർക്കും നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കണമെങ്കിലും അർഹരായ മുഴുവൻ ആളുകൾക്കും ഇപ്പോൾ ലഭ്യമല്ല. ഇതിന് കാരണം ക്ഷേമപദ്ധതികളുടെ നടത്തിപ്പിലുള്ള സങ്കീർണ്ണതയാണ്. കൂടാതെ പട്ടികജാതിക്കാരുടെ വികസനത്തിന് വേണ്ടിയുള്ള ക്ഷേമപദ്ധതികളും, വനിതാ വികസനത്തിനു വേണ്ടിയുള്ള ക്ഷേമപദ്ധതികളും ഉണ്ടെങ്കിലും വേണ്ടവിധത്തിലുള്ള പ്രയോജനം ലഭിക്കുന്നില്ല.

നിലവിലുള്ള പദ്ധതികളുടെ പരാജയത്തിന് കാരണം ബോധവൻക്കരണ കുറവാണ്. ഗുണഭോക്താക്കൾക്ക് വേണ്ട പദ്ധതികൾ തയ്യാറാക്കി, ബോധവൽക്കരണം നടത്തി നടപ്പിലാക്കിയാൽ കുറെയൊക്കെ പരാജയത്തിൽനിന്ന് വിജയത്തിലേക്ക് എത്തിക്കുവാൻ കഴിയുന്നതാണ്.

വിവിധ ക്ഷേമനിധി ആപ്പീസുകളുടെ ആസ്ഥാനം ജില്ലയിലും, സംസ്ഥാനത്തും ആകയാൽ ഗുണഭോക്താക്കൾക്ക് ബന്ധപ്പെടുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിന് ഒരു ബദൽസംവിധാനം ഉണ്ടാക്കേണ്ടതാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് മുഖേനയാണ് നടപ്പിലാക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| IRDP | | | |
|---|---|---|---|
| വർഷം | എണ്ണം | സബ്സിഡി | വായ്പ |
| 92-93 | 36 | 129166 | 193834 |
| 93-94 | 34 | 196464 | 146460 |
| 96-95 | 34 | 243452 | 181625 |
| 95-96 | 26 | 361724 | 126000 |

| | DWCRA | | |
|---|---|---|---|
| വർഷം | അംഗങ്ങളും എണ്ണം | സബ്സിഡി | വായ്പ |
| 92-93 | 36 | 129166 | 193834 |
| 93-94 | 34 | 196464 | 146460 |
| 96-95 | 34 | 243452 | 181625 |
| 95-96 | 26 | 361724 | 126000 |

| CRSP കക്കൂസുകൾ | | | |
|---|---|---|---|
| വർഷം | എണ്ണം Sc | OC | വായ്പ |
| 1993-94 | 4 | 11 = 15 | 8000+22000 |
| 94-95 | 4 | 5 = 9 | 18000 |
| 95-96 | 4 | 9 = 13 | 26000 |



**IRDP, TRYSEM, DNCRA TOOLKIT, CRSP. എന്നീ പദ്ധതികളുടെ അവലോകനം:-**

## IRDP

പട്ടികയിൽ നിന്ന് നമ്മുടെ പഞ്ചായത്തിൽ നൽകിയ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ വിവരങ്ങൾ മനസ്സിലാക്കാവുന്നതാണ്. ധനസഹായമായും, വായ്പയായും നൽകിയ സംഖ്യയെടുത്തത് പരിശോധിച്ചാൽ വലിയ നേട്ടമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സഹായിച്ച കുടുംബങ്ങളിൽ 40%ത്തെ എങ്കിലും കരകയറ്റാൻ കഴിഞ്ഞിട്ടുണ്ട്.

DWRCA യൂണിറ്റുകൾ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നതായി ഒരു യൂണിറ്റ് മാത്രമെ ഉള്ളൂവെന്ന് കാണാം. മേൽനോട്ടകഴിവും, ബോധവൽക്കരണവും ഇല്ലാത്തതാണ് ഇവയുടെ പരാജയത്തിന് കാരണമെന്ന് കാണാം.

TOOLKIT പഞ്ചായത്തിലെ കരകൗശല വിദഗ്ദരെ മുഴുവനും കണ്ടെത്തി അവർക്ക് Improved Tool Kit കൊടുക്കാൻ ഉള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

CRSP മലമൂത്രവിസർജ്ജനം നടത്തുന്നതിന് വേണ്ട സംവിധാനം ഇല്ലാത്തതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽവളരെയധികം കുടുംബങ്ങൾ വിഷമിക്കുന്നുണ്ട്. വളരെ കുറച്ച് സഹായം മാത്രമാണ് ഈ ഇനത്തിൽ നമുക്ക് ലഭിച്ചിട്ടുള്ളത്. രണ്ട് കുഴികളുള്ള കക്കൂസ് നിർമ്മിക്കണം എന്ന നിർബന്ധം മാറ്റി ജനങ്ങൾക്ക് സൗകര്യപ്രദമായ രൂപത്തിൽ ശുചിത്വപരിപാലനം നടത്താൻ അനുവദിക്കേണ്ടതാണ്.

## മറ്റ് ക്ഷേമപദ്ധതികൾ

**കർഷകതൊഴിലാളി പെൻഷൻ:-**

ഈ പെൻഷൻ നാമമാത്രമായി മാത്രമെ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നുള്ളൂ. അർഹമായ എല്ലാ കർഷകതൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ കാര്യക്ഷമമായെടുക്കണം. കൂടാതെ അർഹരായവരെ തിരഞ്ഞെടുക്കാൻ പഞ്ചായത്ത് ഭരണസമിതികൾക്ക് അധികാരം നൽകേണ്ടതാണ്.

**വികലാംഗ പെൻഷൻ:-**

അർഹരായവർ ധാരാളമുണ്ടെങ്കിലും പെൻഷൻ ലഭിക്കുന്നവർ നാമമാത്രമാണ്. പഞ്ചായത്ത്തലത്തിൽ സർവ്വെനടത്തി പെൻഷനും, സഹായധനങ്ങളും നൽകാൻ നടപടികളെടുക്കണം.

**കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി**

ഈ രംഗത്തേക്ക് കൂടുതൽ തൊഴിലാളികൾ വന്ന് കൊണ്ടിരിക്കുന്നത് കൊണ്ട് ക്ഷേമനിധി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്.

**അംഗൻവാടികൾ:-**

നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 22 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കണക്കുകൾ കാണുമ്പോൾ അതിന്റെ പ്രവർത്തനം തൃപ്തികരമായി തോന്നുന്നില്ല. ഭൂരിഭാഗം അംഗൻവാടികൾക്ക് ഒന്നും സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ല. എന്നാൽ ചില പ്രദേശങ്ങളിൽ കെട്ടിടങ്ങൾ പണി തുടങ്ങിയിട്ടുണ്ട്. ഏകദേശം 330 കുട്ടികൾ ആണ് 22 അംഗൻവാടികളിലും കൂടിയുള്ളത്. 44 വനിതകൾക്ക് ഇതിൽ തൊഴിലുണ്ട്. എല്ലാ അംഗൻവാടികൾക്കും കെട്ടിടങ്ങൾ ഉണ്ടാക്കികൊടുക്കുകയും ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ചെയ്യുക. ഈ രംഗത്ത് പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും പരിശീലനം നൽകുക.

നമ്മുടെ പഞ്ചായത്തിൽ 9 പൊതുവിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മാവേലിസ്റ്റോർ വേണ്ടവിധത്തിൽ പൊതുജനങ്ങൾക്ക് സഹായകരമായി പ്രവർത്തിക്കുന്നില്ല. പൊതുവിതരണകേന്ദ്രത്തിന്റെയും മാവേലി സ്റ്റോറിന്റെയും പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുത്ത് ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരിഹരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിക്ക് അധികാരം നൽകണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കണം. ഈ മേഖലയെ കുറ്റമറ്റതാക്കി ശക്തിപ്പെടുത്തുന്നതിന് ഉപഭോക്തൃസംരക്ഷണസമിതി പഞ്ചായത്ത്തലത്തിൽ രൂപീകരിക്കണം. ഉപഭോക്തൃമേഖലയെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുകയും വേണം. ഉപഭോഗത്തിന് വേണ്ടി മറ്റുപഞ്ചായത്തുകളെ ആശ്രയിക്കാതെ നമുക്ക്വേണ്ട സാധനങ്ങൾ നമ്മുടെ പഞ്ചായത്തിൽതന്നെ ഉണ്ടാക്കാൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.



# വനിതാക്ഷേമം





രാഷ്ട്രീയ സാംസ്കാരിക സാമൂഹിക രംഗങ്ങളിൽ ജനസംഖ്യാനുപാതികമായ തട്ടിപ്പ് നോക്കുമ്പോൾ വനിതാ പ്രാതിനിത്യം കുറവാണ്. ജനസംഖ്യയിൽ 55% സ്ത്രീകളാണ്. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വിശേഷാൽ ഗ്രാസഭകളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. സാമൂഹ്യബോധവും വികസന കാഴ്ചപാടും നമ്മുടെ പഞ്ചായത്തിലെ വനിതകളിൽ ഇനിയും വളരേണ്ടിയിരിക്കുന്നു. അതത് പ്രദേശങ്ങളുടെ വികസനത്തെകുറിച്ചും വിഭവസമാഹരണത്തെകുറിച്ചും വ്യക്തമായ ധാരണകളുള്ളവർ സ്ത്രീകളാണ് അത് കൊണ്ട് സ്ത്രീകളുടെ പങ്കാളിത്തം വളരെ പ്രധാന്യമർഹിക്കുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്താൻ ശ്രമിക്കേണ്ടതാണ്.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും സാമൂഹ്യപരിഷ്ക്കരണത്തിന്റെയും ഭാഗമായി അപൂർവ്വം ചില വനിതകൾ നേതൃത്വംകൊടുത്ത്കൊണ്ട് നൂൽനൂൽപ്പ് കേന്ദ്രങ്ങളും, തയ്യൽ പരിശീലന കേന്ദ്രവും ആരംഭിച്ചിരുന്നു. മേക്കാട്ടുമനയിലെ അന്തർജനങ്ങൾ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ഇറങ്ങിയതും ശ്രദ്ധേയമാണ്.

ആദ്യകാലങ്ങളിൽ മഹിളാസംഘമായി പ്രവർത്തിച്ചിരുന്നവർ പിന്നീട് ആ രംഗം വിട്ട് പോകുകയുണ്ടായി. മഹിളകളെ സംഘടിപ്പിക്കുന്നതിലും ബോധവൽക്കരിക്കുന്നതിലും വന്ന അപാകതയാണ് ഇത്. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം നിരാശാജനകമാണ്. വിദ്യാഭ്യാസമുള്ളവർ തന്നെ സാമൂഹ്യരംഗങ്ങളിൽനിന്ന് വിട്ട്നിൽക്കുന്നത് കാണാം. ബോധവൽക്കരണത്തിന്റെ കുറവാണ് ഇതെന്ന് കാണാം.

ഗ്രാമസഭ ഭരണസമിതിയിൽ 10മെമ്പർമാരിൽ 4പേർ വനിതകൾ ആണ്.. ഇതിൽ ഒരു വനിതയാണ് നമ്മുടെ പ്രസിഡണ്ട്. രാഷ്ട്രീയ സാംസ്കാരികരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം സജീവമാക്കിയാൽ മാത്രമെ ഭരണപരമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിയൂ.

മഹിളാസമാജങ്ങൾ രൂപീകരിക്കുക മഹിളകൾക്ക് മാത്രമായ വ്യവസായയൂണിറ്റുകൾ രൂപീകരിക്കുക, വ്യാപകമായ ബോധവൽക്കരണം നടത്തുക എന്നിവയാണ് ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങൾ.

മഹിളകളുടെ പങ്കാളിത്തം സജീവമാക്കണമെങ്കിൽ വനിതകൾക്ക് മാത്രമായി സഹകരണസംഘം രൂപീകരിക്കുക. DWRCA യൂണിറ്റ് എല്ലാവാർഡുകളിലും രൂപീകരിക്കുക. സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന പുരുഷൻമാർ അവരവരുടെ ഭാര്യമാരെയും സാമൂഹ്യരംഗത്ത് ഇറക്കുക. ചെറുകിടവ്യവസായ യൂണിറ്റുകൾ സ്ത്രീകൾക്ക് മാത്രമായി രൂപീകരിക്കുകയും അവരുടെ ഉൽപന്നങ്ങൾക്ക് വിപണനം ഉറപ്പുവരുത്തുകയും ചെയ്യുക. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ തുടങ്ങിയുവയെക്കുറിച്ച് സ്ത്രീകൾക്ക് വിവരങ്ങൾ നൽകുക. തൊഴിൽയൂണിറ്റുകൾ തുടങ്ങുന്നതിനുശ സാമ്പത്തികസഹായങ്ങൾ നൽകുക, അംഗൻവാടികളുടെ പ്രവർത്തനം വ്യാപിപ്പിച്ച് കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. സ്കൂളിലെ പഠനേതര വിഷയങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

തൊഴിലുള്ള പല സ്ത്രീകൾക്കും പുരുഷൻമാരേക്കാൾ വേതനം കുറവാണ്. തുല്യജോലിക്ക് തുല്യവേതനം എന്ന ആശയം നടപ്പിലാക്കുകയും സ്ത്രീകളെ വിവിധ തൊഴിലുകളിലേക്ക് ആകർഷിപ്പുക്കുകയും ചെയ്യുക. സ്ത്രീധനം, ശൈശവവിവാഹം എന്നിവ കർശനമായി നിരോധിക്കണം. പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക വനിതാസെല്ലുകൾ ആരംഭിക്കുകയും, സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ ഈ സെല്ലിൽ കൈകാര്യം ചെയ്യുകയും വേണം. സ്ത്രീകൾക്ക് പ്രത്യേകമായി കലാകായികമത്സരങ്ങൾ സംഘടിപ്പിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചുകൊടുത്ത് സ്വയം ഏറ്റെടുക്കുന്നതിനുള്ള മാനസികധൈര്യം വനിതകളിൽ ഉണ്ടാക്കിയാൽ മാത്രമെ വനിതകൾക്ക് പുരുഷൻമാരെപ്പോലെ എല്ലാജോലികളും ഏറ്റെടുത്ത് ചെയ്യാൻ കഴിയുകയുള്ളൂ.





# ഗതാഗതം



ഒരു പ്രദേശത്തിന്റെ വികസനത്തിൽ പ്രധാന പങ്കുവഹിക്കുക അവിടത്തെ റോഡുകളാണ്. പഞ്ചായത്ത് രൂപീകരണസമയത്ത് കേവലം ഒരൊറ്റ റോഡുമാത്രമേ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നുള്ളു; ചെറുപ്പുളശ്ശേരി-പട്ടാമ്പി റോഡ് ടാർ ചെയ്തിരുന്നില്ല. 1930കളിൽ തന്നെ റെയിൽപ്പാതയും റെയിൽവെസ്റ്റേഷനും വല്ലപ്പുഴയിൽ ഉണ്ടായിരുന്നുവെങ്കിലും ബ്രിട്ടീഷുകാരന്റെ അവഗണന ഇന്നും തുടർന്നു നിൽക്കുന്നു. ഭാരതത്തിൽ സ്വകാര്യമേഖലയിൽ റെയിൽവെ ടിക്കറ്റ് വിൽപനയും ഗതാഗത നിയന്ത്രണവും നടത്തുന്ന ഏക റെയിൽവെ ലൈനായ ഷൊർണ്ണൂർ-നിലമ്പൂർ ലൈനിന് 9 കി.മീ. പാത നമ്മുടെ പഞ്ചായത്തിലുണ്ട്.

ജനങ്ങളുടെ സംഘബോധത്തിന്റെ ഉത്തമോദാഹരണമാണ് ഇന്ന് പഞ്ചായത്തിന്റെ വിവിധ റോഡുകൾ. വാഹനഗതാഗതയോഗ്യമായ 71.638 കി.മീ. റോഡുകളാണുള്ളത്. 19.540KM റോഡുകൾമാത്രമേ ടാർ ചെയ്തിട്ടുള്ളു. 5 കി.മീ. മെറ്റൽറോഡും 38.098 കി. കച്ചറോഡും ടാർചെയ്ത 9KM റോഡുമാത്രമേ നമ്മുടെ പഞ്ചായത്തിലുള്ള ദേശീയപാതയോ ജില്ലാപാതയോ നമ്മുടെ പഞ്ചായത്തിലില്ല.

ടാർ ചെയ്ത റോഡുകൾ 19.540 കി.മീ. ഉണ്ടെങ്കി ഇന്നുള്ള മിക്ക റോഡുകളുടെയും സ്ഥിതി വളരെ ശോചനീയമാണ്. വർഷങ്ങൾക്കു മുമ്പ് ടാർചെയ്തവയും മെയിന്റനൻസ്വർക്കുപോലും നടത്താതെ കാൽനടക്കാർക്കുപോലും സഞ്ചരിയ്ക്കാൻ കഴിയാത്തത്രയും കുണ്ടും കുഴിയും നിറഞ്ഞ റോഡുകളും നമ്മുടെ പഞ്ചായത്തിന്റെ പലയിടത്തായി കാണാം. മുൻകാലത്ത് നിർമ്മിച്ചവയെന്നു പറയുന്ന പല കച്ചറോഡുകളും ഇന്ന് പഞ്ചായത്തിന്റെ രേഖകളിൽ മാത്രമേ കാണാൻ കഴിയൂ. ജനങ്ങളുടെ നിസ്സംഗതയുടേയും അജ്ഞതയുടേയും മറയിലാണ് ഇങ്ങനെയുള്ള പല റോഡുകളുടെയും കിടപ്പ്.

നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും അടിയന്തര ശ്രദ്ധപതിയേണ്ടതും ഏറ്റവും കൂടുതൽ ജനപങ്കാളിത്തം ആവശ്യപ്പെടുന്നതുമായ മേഖലയാണിന്ന് ഗതാഗതം. മുൻ കാഴ്ചയില്ലാത്ത ആസൂ

ത്രണവും ചില പ്രദേശങ്ങളോടുള്ള അവഗണനയും ചില വാർഡുകളെയെങ്കിലും വളരേയെറെ പിന്നോക്കം കൊണ്ടുപോയിട്ടുണ്ടെന്ന് പറയാതെ നിവൃത്തിയില്ല. ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ആവശ്യം ഉന്നയിക്കപ്പെട്ടതും സജീവ ചർച്ചക്ക് ഗതാഗതം വിധേയമാക്കപ്പെട്ടതും ഇതുകൊണ്ടുതന്നെയാവാം.

നൂറിനുതാഴെ ഓട്ടോറിക്ഷകളും അറുപതോളം ജീപ്പുകളും ബസ്സുകൾക്കുപുറമെ പല ഭാഗങ്ങളിലായി ഓടിക്കൊണ്ടിരിയ്ക്കുന്നു. ഇവ പാർക്ക് ചെയ്യുവാൻ സ്റ്റാന്റുകളോ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യമോ ഇല്ല. പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ ഷെഡുകൾ ഇല്ലാത്തത് നമ്മുടെ പഞ്ചായത്തിന്റെ ഒരു പ്രധാന പോരായ്മയായി അവശേഷിയ്ക്കുന്നു.



## പഞ്ചായത്തിലെ ടാർറോഡുകൾ

| റോഡിന്റെ പേര് | ദൈർഘ്യം | വീതി | ഉടമസ്ഥത |
|---|---|---|---|
| തറക്കൽപടി-മനക്കൽപടി | 2.400 | 6M | പഞ്ചായത്ത് |
| അപ്പംകണ്ടം-PHC | .200 | 6M | പഞ്ചായത്ത് |
| യാറം-അപ്പംകണ്ടം | .300 | 6M | പഞ്ചായത്ത് |
| ചൂരക്കോട്-ചേരിക്കല്ല് | 1.200 | 6M | പഞ്ചായത്ത് |
| പഞ്ചാരത്ത് പടി-ലക്ഷംവീട് കോളനി | .400 | 6M | പഞ്ചായത്ത് |
| തെങ്ങും വളപ്പ്-ചെമ്മക്കുഴി | .400 | 6M | പഞ്ചായത്ത് |
| കാളപ്പറമ്പ്-ചെമ്മക്കുഴി | .400 | 6M | പഞ്ചായത്ത് |
| കാളപ്പറമ്പ്-മലപ്പുറം | 1.00 | 6M | പഞ്ചായത്ത് |
| പഞ്ചായത്ത് ഓഫീസ്-മലപ്പുറം | 1.200 | 6M | പഞ്ചായത്ത് |
| റെയിൽവെ സ്റ്റേഷൻ-മേച്ചേരി | .400 | 6M | പഞ്ചായത്ത് |
| പരപ്പൻകല്ല്-കുഞ്ഞുകുറിശ്ശി | 1.200 | 6M | പഞ്ചായത്ത് |
| ചുങ്കപ്പുലാവ്-ഉരുളാംപുഴമന | 1.600 | 6M | പഞ്ചായത്ത് |
| കിഴക്കേക്കര-കല്ലുരുട്ടി | .600 | 6M | പഞ്ചായത്ത് |
| പൂരക്കോട് പാലം-തെങ്ങിൻ വളപ്പ് | 5.00 | 8M | P.W.D |
| യാറം-ചെറുകോട് | 2.600 | 8M | P.W.D |
| ചെറുകോട്-ചോലക്കുന്ന് | 2.00 | 6M | P.W.D |
| കാളപ്പറമ്പ്-കുറുവട്ടൂർ | 2.200 | 8M | P.W.D |

## റെയിൽ ഗതാഗതം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ നമ്മുടെ പഞ്ചായത്തിൽ റെയിൽപാതവന്നെങ്കിലും യാത്രാ സൗകര്യം തീരെ കുറവായതിനാൽ നമ്മുടെ പഞ്ചായത്തുകാർ തീരെ അവഗണിച്ച് ഒരു മേഖലയാണ് റെയിൽവേ. നന്നെ പുലർച്ചെ നിലമ്പൂർക്ക് പോവുകയും നേരം കറുക്കുമ്പോൾ തിരിച്ച് ഷൊർണൂർക്ക് പോവുകയും ചെയ്യുന്ന വണ്ടി ഇവിടത്തുകാരിൽ ഒരു വിസ്മയവും സൃഷ്ടിക്കാത്തതിൽ അത്ഭുതമില്ലല്ലോ. രെയിൽപാത ബലപ്പെടുത്തി കൂടുതൽ വണ്ടികൾ ഈ ലൈനിലൂടെ ഓടിച്ചുതുടങ്ങേണ്ടത് നമ്മുടെ സർവ്വതോന്മുഖ വികസനത്തിന് അത്യാവശ്യമാണ്.

## നിലവിലുള്ള റോഡുകളുടെ പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 71.638KM റോഡുണ്ടെങ്കിലും കേവലം 19.540KM റോഡ് മാത്രമേ ടാർ ചെയ്തിട്ടുള്ളു. മെറ്റൽറോഡുകളും മൺറോഡുകളും മെയിന്റനൻസ് വർക്കില്ലാത്തതുകൊണ്ട് ഗതാഗതയോഗ്യമല്ലാതെയായിട്ട് കാലമേറെയായി. പലറോഡുകളും പൊട്ടിപ്പൊളിഞ്ഞ് സൈഡുകളിടിഞ്ഞ് കിടക്കുന്നു. റോഡുകളുടെ വീതി കുറവ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാവാറുണ്ട്. നെല്ലിശ്ശേരിപാലത്തിന്റെ വീതികുറവ് മാസങ്ങൾക്കുമുമ്പ് രണ്ടു ജീവനപഹരിച്ചത് ഇവിടെ സ്മരിക്കേണ്ടതാണ്. നെല്ലിശ്ശേരി പാലത്തിന്റെ ഇരുവശങ്ങളിലുമായി ഉള്ള വെള്ളക്കുഴലും Telephone Channel ഉം ഇതിലെയുള്ള ഗതാഗതത്തിന് ഒരു നിത്യ ഭീക്ഷണിയായി നിൽക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### പുതുതായി ടാർചെയ്യേണ്ട റോഡുകൾ

| റോഡിന്റെ പേർ | ആവശ്യം |
|---|---|
| 1. മുളയങ്കാവ് - പ്ലാച്ചിക്കോട് റോഡ് | ടാർ ചെയ്യുക |
| 2. അപ്പംകണ്ട്-കുത്തുകല്ല് റോഡ് | " |
| 3. യാറം-അപ്പംകണ്ടം റോഡ് രണ്ടാം ട്രിപ്പ് | " |
| 4. മലപ്പുറം-മദ്രസ്സറോഡ് | " |
| 5. മലപ്പുറം-കളത്തിൽതൊടി | " |

| റോഡിന്റെ പേര് | ആവശ്യം |
| --- | --- |
| 6. മലപ്പുറം-വീട്ടിക്കുന്ന് ഹരിജൻ കോളനി | ടാർ ചെയ്യുക |
| 7. ചേമ്പ്രക്കുന്ന് റോഡ് | " |
| 8. മേച്ചേരി-കളത്തിൽതൊടി റോഡ് | " |
| 9. കോമഞ്ചേരി റോഡ് | " |
| 10. ചുങ്കപുലാവ് മനയ്ക്കൽപടി | " |
| 11. ലക്ഷം വീട് കോളനി - നെല്ലിക്കുന്ന് ഹരിജൻ കോളനി | " |
| 12. ചുങ്കപുലാവ്-റെയിൽവെ സ്റ്റേഷൻ റോഡ് | " |
| 13. വല്ലപ്പുഴ-വാടാനാംകുറുശ്ശി റോഡ് | " |
| 14. ചേരിക്കല്ല്-വാടാനംകുറുശ്ശി റോഡ് | " |
| 15. ചൂരക്കോട്-പോക്കുപ്പടി റോഡ് | " |
| 16. ചുങ്കത്ത് പടി-കള്ളാടിപ്പറ്റ റോഡ് | " |



**പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ**

| റോഡിന്റെ പേര് | ദൈർഘ്യം | Ward |
|---|---|---|
| 1. ചട്ടാമ്പറ്റ-കോരനാൽ റോഡ് | 1.600 | I |
| 2. ചക്കുത്ത് പടി - ആമയൂർ റോഡിലേക്കുള്ള പുതിയപാത | 0.600 | I |
| 3. ചാത്തനങ്ങാട്ട്കുഴി-പാലക്കാട്ടുതൊടി കോളനി | 0.800 | I |
| 4. കുന്നത്ത്പടി-കോരനാൽ റോഡ് | 0.400 | I |
| 5. മൂത്താംതറ-സാന്ദീപനി കോളേജ് | 1.00 | I |
| 6. പണിയ്ക്കർകുന്ന്-ആമയൂർ LP | 1.00 | I |
| 7. നമ്പിയത്ത് പടി - ചൂരക്കോട് പള്ളി | 1.500 | II |
| 8. പാണക്കോട് റോഡ് പൂഴിക്കുന്നുവഴി നമ്പിയത്ത് പടിയിലേക്ക് ബന്ധിപ്പിക്കൽ | 1.500 | II |
| 9. മൂക്കുപിലാവ്-ഓങ്ങല്ലൂർ റോഡ് | 1.200 | II |
| 10. മനയ്ക്കൽപടി-B.V.L.P. School റോഡ് | 0.800 | II |
| 11. പാണക്കോട് റോഡിൽ നിന്നുചോലക്കുന്ന് വഴി മലറോഡിലേക്ക് ബന്ധിപ്പിക്കൽ | 0.600 | II |
| 12. തറക്കുന്നിൽ നിന്നും ചൂരക്കോട് പാലം റോഡ് | 0.800 | II |
| 13. കല്ലിങ്ങൽപടി-നെല്ലിശ്ശേരിതോട് | 0.600 | III |
| 14. ചെറുകോട് റേഷൻ-ഷോപ്പ്-കക്കാടുകുന്ന് ഹരിജൻ കോളനി റോഡ് | 0.600 | III |

| | | |
|---|---|---|
| 15.ആനക്കോട് റോഡ് റെയിൽവെ<br>ലൈൻവരെ നീട്ടുക | **1.200** | **IV** |
| **16.സർവ്വീസ് ബാങ്ക്-ഞാളച്ചിറക്കുളം** | **0.800** | **IV** |
| **17.മലപ്പുറം-കളത്തിൽതൊടി റോഡ്<br>ചളവറ പഞ്ചായത്ത്<br>റോഡുമായി ബന്ധിപ്പിക്കൽ** | **1.500** | **V** |
| **18.ഉള്ളാട്ടിതൊടിക്കുണ്ട് പാടത്തേക്കു<br>പുതിയ റോഡ് നിർമ്മിയ്ക്കൽ** | **1KM** | **V** |
| **19.തെങ്ങിൻവളപ്പ്-കളത്തിൽ തൊടി റൊഡ്** | **1.500** | **V** |
| **20.മലപ്പുറം ചോലറോഡ്-കുഞ്ഞികുർശ്ശി<br>6-ാം വാർഡ് റോഡുമായി ബന്ധിപ്പിക്കൽ** | **1.600** | **V** |
| **21.മനമുള്ളി റോഡ് കോളനിവരെ നീട്ടുക.** | **0.800** | **VI** |
| 22.റെയിൽവേ സ്ഥലത്തുകൂടെ ചെവിക്കൽ<br>പടിയിലേക്ക് പുതിയ റോഡ് | 0.600 | VII |
| 23.മനയ്ക്കൽപടി റോഡ് - വാടാനാംകുറുശ്ശി<br>വരെ നീട്ടൽ | 1.200 | VII |
| 24.ചുങ്കപ്പിലാവ് - കാട്ടിലാം പുഴറോഡ് | 1.300 | VII |
| 25.കണ്ടാണത്തുപടി-കുറവട്ടൂർ മനപ്പടി | 0.800 | VIII |
| 26.പാലപ്പറ്റപടി- ചേരിക്കല്ല് പടിഞ്ഞാറെ കോളനി | 1.200 | IX |
| 27.ചേരിക്കല്ല് കോളനിറോഡ് - പാലപ്പറ്റ പാടം | 0.800 | IX |
| 28.ചൂരക്കോട് ലക്ഷം വീട് ഭാഗത്തുനിന്ന്<br>ചെറുകോട് പള്ളിവരെ | 2.00 | X |

മുൻകാലങ്ങളിലെ ഗതാഗത വികസനം നടത്തിയതിന്റെ അപാകതയും ചിലപ്രദേശങ്ങളോടുള്ള അവഗണനയും മേൽകൊടുത്ത പട്ടികയിൽ നിന്നും വളരെ വ്യക്തമാണ്. വികസനത്തിന്റെ അസന്തുലിതാവസ്ഥ പരിഹരിയ്ക്കുന്നതിന് പുതിയ റോഡുകളുടെ നിർമ്മാണം അതുകൊണ്ടുതന്നെ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു പുതുതായിതായി നിർമ്മിക്കേണ്ട റോഡുകളുടെ ദൈർഘ്യം 29.500KM ആണ്.

നമ്മുടെ പഞ്ചായത്തിൽ PWD റോഡുണ്ടെങ്കിലും ബസ്ഗതാഗതമില്ലാത്ത ഏകറോഡാണ് പെറുകോട് പുതിയറോഡ്. റോഡിന്റെ ശോച്യാവസ്ഥയും വീതികുറവും ആയിരുന്നു ഇതിലെ സർവ്വീസ് നടത്തിയിരുന്ന ബസ്സുകൾ നിർത്തുന്നതിന് ഇടയാക്കിയത്. ഏതാണ്ട് 600 പേരാണ് ശരാശരി ഈ ബസ്സുകൾ പ്രതിദിനം ഉപയോഗിച്ചിരുന്നത്. റോഡിന്റെ ശോച്യാവസ്ഥ കാരണം ഓട്ടോ റിക്ഷക്കാർപോലും ഓടാൻ വിസമ്മതിക്കുകയും ഓടിയാൽത്തന്നെ അമിതചാർജ്ജ് വസൂലാക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ മറ്റു റോഡുകളുടെ ഒരു സ്ഥിതിയും ഒട്ടുമെച്ചമല്ല.

വിരലിലെണ്ണാവുന്ന ബസ്വെയിറ്റിംഗ് ഷെഡുകൾ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളു. ജനസംഖ്യാവർദ്ധനവുമൂലം ബസ് സ്റ്റോപ്പുകളുടെ എണ്ണം കൂടിയെങ്കിലും പ്രധാന സ്റ്റോപ്പുകൾ ഒന്നിലും തന്നെ വെയിറ്റിംഗ് ഷെഡുകൾ ഇല്ല. വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണവും അടിയന്തര ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. നൂറോളും ബസ്സുകൾ കടന്നുപോകുന്ന കാളപറമ്പിൽ ഒരു ബസ്സ്റ്റാൻന്റ് അത്യാവശ്യമാണ്.

ഒറ്റപ്പാലത്തേക്കുമുള്ള ബസ്സുകൾ ഇവിടെനിന്ന് തിരഞ്ഞ് പോകുന്നു.

യാത്രാസൗകര്യം കുറയുന്നത് ഏറ്റവും ബാധിയ്ക്കുന്നത് വിദ്യാർത്ഥികളേയാണ്. ഏറ്റവും അടുത്ത ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ പട്ടാമ്പികോളേജിലേക്ക് ദൂരം കുറവാണെങ്കിലും യാത്ര ദുരിതപൂർണ്ണമാണ്. വല്ലപ്പുഴ ഹൈസ്കൂളിലേക്ക് വരികയും പോവുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ജീപ്പുകൾക്കു ചുറ്റും തൂങ്ങിനിന്ന് പോകുന്ന കാഴ്ച നടുക്കമുളവാക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രശസ്തറോഡുകൾ കൂടാതെ ഗ്രാസഭകളിൽ അടിയന്തിരമായി മെയിൻറ്റൻസ് വർക്കു നടത്താൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ വേറെയുമുണ്ട്.

ഈ പഞ്ചായത്തിലെ ഗതാഗതത്തെ ദുരിതപൂർണ്ണമാക്കുന്നതിൽ വാണിയംകുളം, കോങ്ങാട് എന്നിവിടങ്ങളിലെ കാലിച്ചന്തകളും അവയുടേതായ ഒരു പങ്കുവഹിക്കുന്നുണ്ട്. ഞായർ, തിങ്കൾ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ റോഡുനിറഞ്ഞ് നടന്നുപോകുന്ന കന്നുകാലികൾ വഴിയാത്രക്കാർക്കും വാഹനങ്ങൾക്കും ഒരുപോലെ അപകടകരമാണ്. ഇതിനെ നിയന്ത്രിക്കാൻ നാം നടപടിഎടുക്കണം. പഞ്ചായത്തിലെ ഒരൊറ്ററോഡിനുപോലും കാളചാലില്ലാത്തതുകൊണ്ട് വരിവെള്ളം റോഡിനു നടുവിലൂടെ കുത്തിയൊലിച്ചുപോകുന്നു. ഫലം റോഡ് തോടാവുന്നു.

## ബോധവൽക്കരണം ഗതാഗതത്തിൽ

ജനകീയാസൂത്രണ പ്രസ്ഥാനം നമുക്കു നൽകിയിരിക്കുന്ന ഒരു പുതിയ അവബോധം നമ്മുടെ സംഘശക്തിയെ ഉണർത്താൻ പര്യാപ്തമാകണം. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് നേതൃത്വം നൽകാൻ നമ്മുടെ ഗ്രാമസഭകൾ റോഡുകളുടെ നിർമ്മാണം ശ്രമദാനങ്ങളിലൂടെ നടത്താനും പുതിയ സംരംഭങ്ങളിൽ ഒറ്റമനസ്സായി പങ്കെടുക്കാനുമുള്ള ചോദനയാണ് നമ്മുടെ ഗ്രാമസഭകളിൽ ഉയർന്നു കേട്ടത് എന്ന കാര്യം നമ്മെ ആവേശഭരിതമാക്കുന്നു. മുൻകാലങ്ങളിൽ ചെലവഴിക്കപ്പെട്ട പൊതുധനം പൂർണ്ണമായി വിനിയോഗിക്കപ്പെടാൻ കഴിയാതെ പോയതിന്റെ കാരണം മനസ്സിലാക്കി തെറ്റുകൾ തിരുത്താനും നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് നമുക്കൊന്നായി യത്നിക്കാനും നമ്മുടെ ഗ്രാമസഭകൾ എടുത്ത തീരുമാനങ്ങൾ ഒരു ശോഭനമായ ഭാവി നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നു.







# സഹകരണം

എല്ലാവർക്കും എല്ലാം ഇല്ല അഥവാ പരിപൂർണ്ണത ഒന്നിലും കണ്ടെത്താൻ കഴിയില്ല ഉള്ളത് എല്ലാവർക്കും പരമാവധി പങ്കുവെയ്ക്കുവാൻ ശ്രമിക്കുക എന്ന വിശലമായ ലക്ഷ്യത്തോടുകൂടിതന്നെയാണ് സഹകരണ പ്രസ്ഥാനം ഉടലെടുത്തത്. 1904ൽ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചുഎന്നിരുന്നാലും കേരളത്തിൽ ഇക്കാര്യത്തിൽ ഒരു മുന്നേറ്റം ഉണ്ടായത് 1969 കാലഘട്ടത്തിലാണ്.

വിദ്യാഭ്യാസരംഗത്തും, സാങ്കേതിക വിദ്യാഭ്യാസരംഗത്തും, വ്യാവസായിക രംഗത്തും കഴിവുള്ള വ്യക്തികളെ കണ്ടെത്തി ഉൽപ്പാദന രംഗത്തേക്ക് ആകർഷിയ്ക്കാനും, അവരുടെ കഴിവുകൾ വേണ്ടവിധം ഉപയോഗിയ്ക്കുവാനും കഴിയാത്തത് വല്ലപ്പുഴ പഞ്ചായത്തിന്റെ പുരോഗതിയെ വളരെയേറെ ബാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഉത്പാദനരംഗത്ത് കാർഷിക മേഖലയ്ക്കു തന്നെയാണ് ഉൽപ്പാദനരംഗത്തു മുൻതൂക്കം. വ്യവസായിക സഹകരണ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിയ്ക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല ഈ രംഗത്ത് വളരെയധികം പുരോഗമന സാദ്ധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

സഹകരണ മേഖലയിൽ ഈ പഞ്ചായത്തിന്റെ സ്ഥിതി വളരെ ശോചനീയമാണ്. 1964ൽ സ്ഥാപിതമായ ഒരു സഹകരണബാങ്ക് മാത്രമാണ് ഈ രംഗത്ത് പ്രവൃത്തിയ്ക്കുന്ന പഞ്ചായത്തിലെ ഒരേ ഒരു സ്ഥാപനം. പ്രസ്തുത ബാങ്കിന്റെ മുഖ്യ കാര്യാലായം ഈ പഞ്ചായത്തിലല്ല സ്ഥിതിചെയ്യുന്നത് എന്നതാണ് ഏറെ വിചത്രമായ സംഗതി. ഈ ബാങ്കിന്റെ ഇന്നേവരെയുള്ള പ്രവർത്തനങ്ങളെ വില യിരുത്തുമ്പോൾ-വിശേഷിച്ചും സാധാരണക്കാരന്റെ ഇടയിൽ ഒരു ആശാകേന്ദ്രം എന്ന നിലയിൽ പ്രവർത്തിയ്ക്കേണ്ട ബാങ്ക്- ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും വ്യത്യസ്തമായി വളരെയൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നു ബോധ്യപ്പെടും. വായ്പകൾ നൽകുന്നുണ്ടെങ്കിലും, കാർഷിക വ്യാവസായിക തുറകളിലുള്ള പുരോഗമനം ലക്ഷ്യമാക്കികൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും, ജനങ്ങളെ ആകർഷിക്കുന്ന കാര്യത്തിലും മതിയായ പങ്ക് വഹിയ്ക്കുവാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. ഈ രംഗത്തേയ്ക്ക് ബാങ്കിന്റെ ശ്രദ്ധ വർദ്ധിപ്പിയ്ക്കേണ്ടതാണ്.

കൂടാതെ വല്ലപ്പുഴ പഞ്ചായത്തിലെ 6,7, വാർഡുകൾ കയിലിക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ പരിധിയിലുമാണ്.

പലഗ്രാമസഭകളിലും പൊന്തിവന്ന പ്രധാന പ്രശ്നം, ബാങ്കിന്റെ അംഗത്വത്തിലും, മറ്റു പ്രവൃത്തികളിലും കണ്ടുവരുന്ന രാഷ്ട്രീയാതിപ്രസരം ആണ്.

ഏതായാലും മൂന്ന് ശാഖകളും-പേങ്ങാട്ടിരി മുഖ്യകാര്യാലയം, വല്ലപ്പുഴ, മുളയൻകാവ്, മാരായമംഗലം ശാഖകൾ- നല്ല രീതിയിൽ നിക്ഷേപവും ലാഭത്തിൽ പ്രവർത്തിയ്ക്കുകയും ചെയ്യുന്ന ഈ ബാങ്കിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തുകയും ജനോപകാര പ്രദവും ആക്കേണ്ടതാണ്. ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനത്തിന്റെ കാര്യമാണ് ഇതിനുമുമ്പ് പ്രതിപാദിച്ചത്. നോൺ-ക്രെഡിറ്റ് രംഗത്ത് ഈ പഞ്ചായത്തിൽ ഒരൊറ്റ സ്ഥാപനവും പ്രവർത്തിയ്ക്കുന്നില്ല എന്നുള്ളതാണ് ഏറെ ഖേദകരമായ സത്യം. ഈ രംഗത്തെ സാദ്ധ്യതകളെകുറിച്ചും, മറ്റുംഉള്ള ബോധവൽക്കരണവും, പരിശീലനവും നൽകുകയാണെങ്കിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയുമെന്നാണ് കഴിഞ്ഞ ഗ്രാമസഭ ചർച്ചകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. സാദ്ധ്യതകളെകുറിച്ചും, പ്രവർത്തന മേഖലകളെ കുറിച്ചും മതിയായ വിവരങ്ങൾ ജനങ്ങളിൽ എത്താത്തതു തന്നെയാണ് ഈ രംഗത്തുള്ള പിന്നോക്കാവസ്ഥയ്ക്കു പ്രധാന കാരണമായി പറയുവാനുള്ളത്.

**നിർദ്ദേശങ്ങൾ:-**

ബോധവൽക്കരണത്തിന്റെയും, പരിശീലനത്തിന്റെയും ഭാഗമായി നടത്തേണ്ട കാര്യങ്ങൾ:-

1. സഹകരണ രംഗത്തേക്കുറിച്ചും, സാദ്ധ്യതകളെകുറിച്ചും, പ്രവർത്തന മേഖലകളെ കുറിച്ചും മതിയായ വിവരം ജനങ്ങളിൽ വിശേഷിച്ചും യുവാക്കളിൽ എത്തിയ്ക്കുന്നതിനുവേണ്ടി പറ്റുമെങ്കിൽ വാർഡ് അടിസ്ഥാനത്തിൽ അല്ലെങ്കിൽ ചുരുങ്ങിയത് പഞ്ചായത്ത് തലത്തിലെങ്കിലും, ഈ രംഗത്തെ വിദ്ഗധരെ കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകളും, സിംമ്പോസിയങ്ങളും, ചർച്ചകളും സംഘടിപ്പിയ്ക്കുക.
2. കാലാനുസൃതമായി നടത്തേണ്ട മാറ്റങ്ങളെ കുറിച്ചും, അതത് രംഗത്ത് നടന്നുകൊണ്ടിരിയ്ക്കുന്ന പുരോഗമന പ്രവണതകളും, വെല്ലുവിളികളും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കുക.
3. ആവശ്യമായ പ്രായോഗിക പരിശീലനവും, ഗൈഡൻസും ഉറപ്പുവരുത്തുക.
4. ഔദ്യോഗികനടപടികൾ പൂർത്തീകരിയ്ക്കുന്നതിലും, മറ്റു നേരിടുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ടതായ നടപടികൾ സ്വീകരിയ്ക്കുക.

**ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാൻ സാദ്ധ്യതയുള്ള മേഖലകൾ:-**

**കോ. ഓപ്പറേറ്റീവ് കോളേജ്:-**

ഒരു നാടിന്റെ പുരോഗതിയുടെ ആധാരം ആ നാട്ടിലെ യുവാക്കളാണ്. ആയതിനാൽ യുവാക്കളുടെ എല്ലാ തുറകളിലുമുള്ള വ്യക്തിത്വ വികസനം തന്നെയാണ് നാടിനെ പുരോഗതിയിലേക്ക് നയിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

വല്ലപ്പുഴ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള യോജിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. പട്ടാമ്പി സംസ്കൃതകോളേജാണ് ഈ പഞ്ചായത്തിന്റെ ഏറ്റവും അടുത്തുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനം.

സഹകരണാടിസ്ഥാനത്തിൽ ഒരു കോളേജ് തുടങ്ങുന്നത് ഇത്തരുണത്തിൽ ഉചിതമായിരിയ്ക്കും.

ഇന്ന് കോളേജുകളിൽ തുടർന്ന് വരുന്ന കേവല വിജ്ഞാന വർദ്ധനവിൽ മാത്രം ഒതുങ്ങി നിൽക്കുന്ന പ്രായോഗിക തലത്തിലുള്ള ഊന്നൽ തുലോം കുറഞ്ഞ രീതിയിലുള്ള - കോഴ്സുകളല്ലാതെ നാട്ടിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന നാനാവിധ ഉൽപാദന പ്രക്രിയകൾ കൂടി കണക്കിലെടുത്ത് അതിനെ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള കോഴ്സുകളായിരിക്കണം ഇത്തരം കോളേജുകളിൽ ആരംഭിക്കേണ്ടത്.

ഉദാഹരണമായി കാർഷികമേഖലയിൽ ഉപകാരപ്രദമാകുന്ന രീതിയിൽ അഗ്രികൾച്ചറൽ സയൻസിൽ കോഴ്സുകൾ ഏർപ്പെടുത്തുക. അതുപോലെ തന്നെ ഇന്നത്തെ ജ്വരമായ കമ്പ്യൂട്ടർ സയൻസിലും ധാരാളം സാദ്ധ്യതകളുണ്ട്. കമ്പ്യൂട്ടർ ഹാർഡ്‌വേയർ എഞ്ചിനീയർമാരെയും, സോഫ്ട് വേയർ എഞ്ചിനിയർമാരെയും കിട്ടാൻ ബുദ്ധിമുട്ടനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നത് ഉപകാരപ്രദമായിരിക്കും. ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിലും ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് കാര്യമായ സാദ്ധ്യത വരുന്നില്ല. ഇതുപോലെ കാർഷിക മേഖലയ്ക്കും അനുയോജ്യമായ തരത്തിലുള്ള കോഴ്സുകൾ ഇത്തരം കോളേജുകളിൽ നടത്താവുന്നതാണ്.

**കോ. ഓപ്പറേറ്റീവ് സ്റ്റോർ:-**

വല്ലപ്പുഴ പഞ്ചായത്തിൽ ന്യായവിലക്ക് പല വ്യഞ്ജനങ്ങൾ ലഭ്യമാക്കുന്നതിന് ഇത് വളരെ പ്രയോജനം ചെയ്യും. വാർഡടിസ്ഥാനത്തിൽ പറ്റുമെങ്കിൽ അങ്ങിനെയും, അല്ലെങ്കിൽ പ്രധാന സെന്ററുകൾ കേന്ദ്രമാക്കിയെങ്കിലും ഇത്തരം സ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.

ഇന്ന് പഞ്ചായത്തിലെ ജനങ്ങൾക്ക് ന്യായവിലയിൽ പല വ്യഞ്ജ്യനങ്ങൾ ലഭിക്കുന്നതിന് പട്ടാമ്പിയെയൊ, കൊപ്പത്തേയോ ആശ്രയിക്കേണ്ട അവസ്ഥയാണ്.

**കോ. ഓപ്പറേറ്റീവ് പഴം, പച്ചക്കറി സംഭരണ വിതരണ കേന്ദ്രം:-**

നാട്ടിൻ പുറത്തെ കർഷകർ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം ഉൽപന്നങ്ങളുടെ വിപണനരംഗത്ത് നേരിടുന്ന പ്രശ്നങ്ങളാണ്. ഇടത്തട്ട്കാരെ ആശ്രയിക്കേണ്ട ഒരു അവസ്ഥയാണ് ഇന്ന് ഈ രംഗത്ത് നിലനിൽക്കുന്നത്.

തത്ഫലമായി ന്യായമായ വില കർഷകന് ലഭിക്കാതെ പോവുകയും ഇടത്തട്ടുകാർ കൊള്ള ലാഭം ഉണ്ടാക്കുകയും ചെയ്യുന്നു. സഹകരണാടിസ്ഥാനത്തിൽ ഒരു സംഭരണ കേന്ദ്രം ആരംഭിക്കുന്നത് കർഷകന് അർഹിക്കുന്ന വിലക്ക് ഉൽപന്നങ്ങളുടെ വിൽപന നടത്തുന്നതിനും, ഈ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രയോജനപ്രദമായിരിക്കും.

ഇതുപോലെ തന്നെ അന്യദേശങ്ങളിൽ നിന്ന് ലഭ്യമാക്കേണ്ട പഴം, പച്ചകറികൾ തുടങ്ങിയവ ന്യായ വിലയിൽ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനും, സഹകരണാടിസ്ഥാനത്തിലുള്ള ഇത്തരം സംരംഭങ്ങൾ പ്രയോജനപ്പെടും.

**പാൽസൊസൈറ്റികൾ:-**

ക്ഷീരവ്യവസായ രംഗത്ത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ് പാൽ സൊസൈറ്റികൾ. പാൽ സംഭരിയ്ക്കുന്നതിനും, ന്യായ വിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിയ്ക്കുന്നതിനും ഇത്തരം സൊസൈറ്റികൾ വളരെ അത്യന്താപേക്ഷിതമാണ്.

വല്ലപ്പുഴ പഞ്ചായത്തിൽ പാൽ സൊസൈറ്റികൾ ഒന്നുംതന്നെ പ്രവർത്തിയ്ക്കുന്നില്ല. ഇത് വളരെ ഖേദകരമായ ഒരു സംഗതിയാണ്. പഞ്ചായത്തിലെ പ്രധാനസെന്ററുകൾ കേന്ദ്രീകരിച്ച് ഇത്തരം പാൽ സൊസൈറ്റികൾ തുടങ്ങാവുന്നതാണ്.

**കോ.ഓപ്പറേറ്റീവ് റെഡിമെയ്ഡ് ഗാർമെന്റ്സ് ഉൽപാദന വിപണന കേന്ദ്രങ്ങൾ:-**

ജീവിതം തികച്ചും യാന്ത്രികമായികൊണ്ടിരിയ്ക്കുന്ന ഇന്നത്തെ കാലത്ത് ഏതു രംഗത്തും റെഡിമെയ്ഡ് സാധനങ്ങളുടെ പ്രസക്തി കൂടി വരികയാണ് റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഉപയോഗം കൂടി വരികയാണ്. കേരളത്തിലെ 36% ജനങ്ങൾ റെഡിമെയ്ഡ് വസ്ത്ങ്ങൾ മാത്രം ഉപയോഗിക്കുന്നവരാണ്.

റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കാര്യത്തിൽ കുത്തക മുതലാളിമാരുടെ "ലേബൽ" നോക്കി സാധനങ്ങൾ വാങ്ങുന്ന ഒരു "അബദ്ധ പരിഷ്കാരം" ജനങ്ങളുടെ ഇടയിലുണ്ട്. ഈ പ്രവണത മാറ്റി നമ്മുടെ നാട്ടിലെ തയ്യൽ രംഗത്ത് വിദഗ്ദരായ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ കുറഞ്ഞ ചിലവിൽ റെഡിമെയ്ഡ് തുണിത്തരങ്ങൾ ഉൽപാദിപ്പിയ്ക്കാവുന്നതും വിപണനം നടത്താവുന്നതുമാണ്.

നിലവിൽ ഇത്തരം സംരംഭങ്ങൾ വല്ലപ്പുഴ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം.

**കോ. ഓപ്പറേറ്റീവ് പ്രിന്റിംഗ് & ബൈന്റിംഗ് യൂണിറ്റ്:-**

കേരളത്തിൽ കുന്നംകുളം പോലെയുള്ള അച്ചടിരംഗത്ത് പുരോഗതി കൈവരിച്ചിട്ടുള്ള ദുർലഭം പട്ടണങ്ങളിൽ നിന്നാണ് സംസ്ഥാനത്തേക്ക് ആവശ്യമുള്ള മുഴുവൻ നോട്ടു പുസ്തുകങ്ങളും എത്തുന്നത്. തമിഴ് നാട്ടിലെ ശിവകാശിയിൽ നിന്നും എത്തുന്നുണ്ട്. ഇക്കാരണത്താൽ മറ്റു പുസ്തകങ്ങളുടെ വില വർദ്ധിച്ചാണ് ഉപഭോക്താവിൽ എത്തുന്നത്. ഓരോ പഞ്ചായത്തും കുട്ടികൾക്ക് പഠനാവശ്യത്തിന് വേണ്ട നോട്ടു പുസ്തകങ്ങളുടെ കാര്യത്തിലെങ്കിലും സ്വയം

പര്യാപ്തത കൈവരിച്ചാൽ ഇക്കാര്യത്തിൽ വരുന്ന അധിക ചെലവ് വളരെയധികം കുറയ്ക്കുവാൻ കഴിയും.

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഇത്തരം യൂണിറ്റുകൾ തുടങ്ങാവുന്നതും വളരെ ലാഭകരമായ രീതിയിൽ നടത്തികൊണ്ടുപോവുകയും ചെയ്യാവുന്നതാണ്. ഈ രംഗത്ത് തൽപരരായ യുവാക്കളെ കണ്ടെത്തി രണ്ടോ മൂന്നോ മാസത്തെ പ്രായോഗിക പരിശീലനം ഈ മേഖലയിൽ വിദഗ്ദരായവരെ കൊണ്ടു നൽകുകയാണെങ്കിൽ യുവാക്കളെ ഈ പ്രവൃത്തിയിൽ പ്രാവീണ്യമുള്ളവരാക്കിയെടുക്കാവുന്നതാണ്.

**കോ. ഓപ്പറേറ്റിവ് കാർഷിക ഉപകരണ നിർമ്മാണ കേന്ദ്രം:-**

പഞ്ചായത്തിലെ ഇരുമ്പുപണിയിൽ വൈദഗ്ദ്യമുള്ളവരുടെ സഹകരണത്തിൽ ഇത്തരം കാർഷിക ഉപകരണ നിർമ്മാണകേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്. ഈ പ്രക്രിയയിലെ നൂതന സാദ്ധ്യതകളെ കുറിച്ചും, ടെക്നോളജിയുടെ ആധുനികവൽക്കരണത്തേകുറിച്ചും മനസ്സിലാക്കുന്നതിന് ഈ രംഗത്ത് വിദഗ്ദരെ ഉപയോഗപ്പെടുത്തി പരിശീലനവും ഏർപ്പെടുത്താവുന്നതാണ്. വിൽപനരംഗത്ത് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഇതു വളരെ പ്രയോജനപ്രമായിരിയ്ക്കും.

നാട്ടിൽ ഉൽപാദിപ്പിയ്ക്കപ്പെടുന്ന നാളികേരം ന്യായവിലയിൽ ഇത്തരം സൊസൈറ്റികൾക്ക് സംഭരിയ്ക്കാവുന്നതാണ്. ഇത് നാളികേരമായോ, കൊപ്രയായോ സംഭരിയ്ക്കാവുന്നതാണ്. നാളികേരമാണെങ്കിൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ കൊപ്രയാക്കുകയോ വിവിധ തേങ്ങാ ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുകയോ ചെയ്യാവുന്നതാണ്.

സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്തി ക്രമേണ എണ്ണ ഉൽപാദന യൂണിറ്റും അനുബന്ധമായി തുടങ്ങുകയാണെങ്കിൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയും.

**റബ്ബർ വിപണനകേന്ദ്രം:-**

വല്ലപ്പുഴ പഞ്ചായത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി റബ്ബർ കൃഷി വ്യാപകമായി കൊണ്ടിരിയ്ക്കുകാണ്. ആയതിനാൽ ഒരു റബ്ബർ സംഭരണ വിപണന കേന്ദ്രം പ്രവർത്തിപ്പിയ്ക്കാവുന്നതാണ്.

**നെല്ല് തുടങ്ങി കാർഷിക ഉൽപന്നങ്ങളുടെ സംഭരണവും വിതരണവും:-**

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമായ ഒരു സംഗതിയായിരിയ്ക്കും ഇത്. നാട്ടിൽ ഉൽപാദിപ്പിയ്ക്കപ്പെടുന്ന നെല്ല് തുടങ്ങിയ കാർഷിക ഉൽപന്നങ്ങളുടെ വിൽപനയ്ക്ക് ഇടത്തട്ടു കച്ചവടക്കാരെ മാത്രം ആശ്രയിക്കേണ്ട ഒരു അവസ്ഥയാണ് ഇന്നു നിലവിലുള്ളത്. ഇക്കാരണത്താൽ തന്നെ അർഹിയ്ക്കുന്ന വില കർഷകന് കിട്ടാതെ പോവുകയും കർഷകന് കൃഷിയിലുള്ള താൽപര്യം കുറഞ്ഞു വരുകയും ചെയ്യുന്നു. സഹകരണാടിസ്ഥാനത്തിലുള്ള സംഭരണ വിതരണ കേന്ദ്രം ഇതിന് പരിഹാരമായിരിയ്ക്കും.

**തൊഴിലാളി സഹകരണസംഘം:**

ഇന്ന് കർഷകരുടെ ഇടയിലുള്ള പ്രധാന പറച്ചിലാണ് കൃഷിപണികൾക്ക് സമയത്ത് ആളെ കിട്ടാനില്ല എന്നുള്ളത്. അതുപൊലെ തന്നെ കർഷകതൊഴിലാളികളുടെ ഇടയിലുള്ള പ്രശ്നം ഘടകവിരുദ്ധമാണ്. അതായത് പണിയുള്ളപ്പോൾ എല്ലാം കൂടി ഒന്നിച്ച് അതു കഴിഞ്ഞാലോ പണിയേ ഇല്ല എന്നുള്ളത്.

ഈ പ്രശ്ന പരിഹാരത്തിന് തൊഴിലാളികളുടെ സംഘം രൂപീകരിയ്ക്കുകയാണെങ്കിൽ കർഷകന് ഇവരെ സമീപിയ്ക്കാവുന്നതും കോൺട്രാക്ട് അടിസ്ഥാനത്തിലോ, അല്ലാതെയോ കൃഷിപ്പണി സംഘത്തെ ഏൽപിയ്ക്കാവുന്നതാണ്. സംഘത്തിൽ ക്രമത്തിൽ മൊത്തം ഉൽപ്പാദനം വർദ്ധിയ്ക്കുന്ന രീതിയിൽ ആ പ്രത്യേക സ്ഥലത്തിന് യോജിയ്ക്കുന്ന വിത്ത്, കൃഷിരീതി വളരെ പ്രയോഗം എന്നിവ ഒരേ രീതിയിൽ തന്നെ മൊത്തം പ്രദേശത്ത് നടത്താവുന്നതാണ്. ഇതുമൂലം തുണ്ടുവൽക്കരണം കൊണ്ട് കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിയ്ക്കാവുവാനും കഴിയും. പണികൾ ഒന്നിച്ച് കുമിഞ്ഞു കൂടുന്ന പ്രവണതയും സംഘത്തിന്റെ ആസൂത്രിതമായ സമീപനം കൊണ്ട് മാറ്റിയെടുക്കാവുന്നതാണ്.

**കർഷകസഹായ സഹകരണസംഘങ്ങൾ:-**

എംപ്ലോയീസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിയ്ക്കുന്നതുപോലെ, കർഷകരെ സഹായിയ്ക്കുന്നതിനുവേണ്ടി കർഷകസഹായ സഹകരണസംഘങ്ങൾ രൂപീകരിയ്ക്കുന്നത് നന്നായിരിയ്ക്കും.

**സഹകരണകൃഷി പരിശീലനകേന്ദ്രം.**

നൂതന കൃഷി സമ്പ്രദായങ്ങളെ കുറിച്ച് കർഷകരെ ബോധവൽക്കരിയ്ക്കുന്നതിനും, കാലാനുസൃതമായ മാറ്റങ്ങൾ കർഷകരിൽ എത്തിയ്ക്കുന്നതിനും മറ്റും സഹകരണാടിസ്ഥാനത്തിലൂടെ ഒരു പരിശീലന കേന്ദ്രം പ്രയോജനപ്പെടും.

കാർഷികരംഗത്തുള്ള വിദഗ്ദരെ ഉപയോഗപ്പെടുത്തി ഇത്തരം പരിശീലനങ്ങൾ നടത്താവുന്നതാണ്.

# പട്ടിക ജാതി-വർഗ്ഗ ക്ഷേമം

**പട്ടിക ജാതി - വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ചിന്തിക്കേണ്ട കുറച്ചുകാര്യങ്ങൾ**

1. അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കിക.
2. വിദ്യാഭ്യാസ-തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ
3. ഉൽപാദനരംഗത്തേക്കും പ്രായോഗിക പ്രവർത്തനതലത്തിലേക്കും ആകർഷിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ
4. സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിശീലനങ്ങളും, പ്രോത്സാഹനങ്ങളും, സാമ്പത്തിക സഹായങ്ങളും ഏർപ്പെടുത്തുക.
5. സ്വയംതൊഴിൽ സംരംഭകരുടെ പ്രവർത്തനവും പ്രശ്നങ്ങളും വിലയിരുത്തുവാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും പഞ്ചായത്ത്തല ഉപദേശകസമിതികൾ രൂപീകരിക്കുക.
6. കാലാനുസൃത മാറ്റങ്ങളും, നൂതന സാങ്കേതിക വിദ്യകളും ഇവരിൽ എത്തിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കുക.

**അവലോകനം-പരിഹാരങ്ങളും**

വല്ലപ്പുഴ പഞ്ചായത്തിൽ 10 വാർഡുകളിലുമായി 19 ഓളം ഹരിജൻ കോളനികൾ ഉണ്ട്. 346 ഓളം കുടുംബങ്ങൾ 19 കോളനികളിലുമായി ഉണ്ട്. ജനസംഖ്യ 2760 വരും. ഈ കോളനികളിൽ വളരെ കുറച്ച് കോളനികൾ മാത്രമെ IHDP കോളനികളായി അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. മിക്ക കോളനികളിലും അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ല. സ്വന്തമായി വീടില്ലാത്തവരും പല കോളനികളിലും ഉണ്ട്. കുടിലിൽ താമസിക്കുന്നവരും വളരെയധികം ഉണ്ട്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കോളനികളുടെ അവസ്ഥ മോശമാണ്. ഉന്നത വിദ്യാഭ്യാസം നേടിയവരും, സാങ്കേതിക വിദ്യാഭ്യാസം നേടിയവരും വളരെ കുറവാണ്. പത്താം ക്ലാസ്സോടുകൂടെത്തന്നെ പല വിദ്യാർത്ഥികളും പഠനം നിർത്തുന്നു. വീട്ടുകാരിൽനിന്നും വേണ്ട രീതിയിൽ പ്രോത്സാഹനങ്ങളും, പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയും വീട്ടുകാരുടെ ഭാഗത്തുനിന്നും ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ മറ്റുപല മേഖലകളിലേക്കും തിരിയുകയും, പഠനനിലവാരം കുറയുകയും പത്താം ക്ലാസ് പാസ്സാകുക എന്നതുതന്നെ സാദ്ധ്യമാകാതെ വരികയും ചെയ്യുന്നു. വിദ്യാർത്ഥകളുടെ പഠനസംബന്ധമായ കാര്യങ്ങളിൽ രക്ഷിതാക്കൾ കുറച്ചുകൂടി ശുഷ്ക്കാന്തി കാണിക്കേണ്ടതുണ്ട്.

പൊതുപ്രവർത്തന രംഗത്തും മറ്റ് സാമൂഹ്യസേവനരംഗത്തും ഇവരുടെ പങ്കാളിത്തം

വളരെ കുറവാണ്. വിരലിലെണ്ണാവുന്നവർ മാത്ര മാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. വിദ്യാ ഭ്യാസരംഗത്ത് ഉള്ള പോരായ്മ നികത്തുന്നതോടെ ഈ പ്രശ്നത്തിനും പരിഹാരമാകുന്നു. പത്രം വായി ക്കുന്ന സ്വഭാവം വിദ്യാർത്ഥികളിൽ ഉണ്ടാക്കുന്ന തും ഈ പ്രശ്നത്തിന് പരിഹാരമാകും.

ഉൽപാദന നിർമ്മാണ രംഗത്ത് സാദ്ധ്യ മായ മേഖലകളെക്കുറിച്ച് വേണ്ടത്ര അറിവില്ലാ ത്തതാണ് മറ്റൊരു പ്രധാന പ്രശ്നം. ഈ രംഗത്തെ സാദ്ധ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് വിദഗ്ദ രെക്കൊണ്ട് പറ്റുമെങ്കിൽ വാർഡടിസ്ഥാനത്തിൽ പരിശീലനം നൽകുന്നത് പ്രയോജനപ്രദമായിരി ക്കും. സോപ്പ്നിർമ്മാണം, ചന്ദനത്തിരിനിർമ്മാ ണം, റെഡിമെയ്ഡ് ഗാർമെന്റ്സ് തുടങ്ങിയവ സാദ്ധ്യതയുള്ള മേഖലകളാണ്.

രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാ നുസൃതമായ മാറ്റങ്ങൾ ജീവിത രീതിയിൽ, വിപ ണിയിൽ, ഉത്പാദനരംഗത്ത് തുടങ്ങിയവ സമ യാസമയങ്ങളിൽ ഇവരിൽ എത്തിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുക. ദൃശ്യ, ശ്രാവ്യ, വാർത്താമാദ്ധ്യമങ്ങൾ ലഭ്യമാകുന്നതിലൂടെ ഇത് നേടിയെടുക്കാവുന്നതാണ്.

കോളനികളിലുള്ള ചെറുപ്പക്കാരെ കണ്ടെ ത്തി നിർബന്ധമെന്ന നിലക്കുതന്നെ ഏതെങ്കി ലും തൊഴിൽരംഗത്ത് പരിശീലനം നൽകുന്നത് നിഷ്ക്രിയരായ ചെറുപ്പക്കാരെ സൃഷ്ടിക്കപ്പെടു ന്നതിന് ഒരു പരിഹാരമാകും.

യുവാക്കൾ ആരംഭിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്കും മറ്റും കൃത്യമായി അതിന്റെ പ്രവർത്തനരീതി വിലയിരുത്തുവാനും, പ്രവർത്ത നരംഗത്ത് ഉണ്ടാകുന്ന പാളിച്ചകൾ ചൂണ്ടിക്കാ ണിക്കുവാനും, വേണ്ട നിർദ്ദേശം നൽകുവാനും ഒരു "മോണിറ്ററിംഗ് കമ്മിറ്റി" ഉണ്ടാക്കുന്നത് ഈ രംഗത്തുണ്ടാകുന്ന അലസതക്കും, അടച്ചുപൂട്ടൽ പ്രവണതക്കും പരിഹാരമാകും.

സമ്പാദ്യശീലം ഇല്ലാത്തതും ഇവരുടെ ഇട യിൽ ഒരു പ്രധാന പ്രശ്നമാണ്. വരും വരായ്ക കളെക്കുറിച്ചും മറ്റുമുള്ള ദീർഘവീക്ഷണക്കുറ വാണ് ഇതിന് കാരണം. വിദ്യാഭ്യാസരംഗത്തുള്ള പോരായ്മ നിലനിർത്തുന്നതിലൂടെ ആനുകാലിക കാര്യങ്ങളെക്കുറിച്ച് ബോധമുണ്ടാക്കിയെടുക്കുന്ന തിലൂടെയും ഇതിന് പരിഹാരം ഉണ്ടാക്കാവുന്ന താണ്. കിട്ടുന്ന കാശ് കിട്ടുന്ന മുറക്കുതന്നെ ചിലവാക്കുക എന്ന പ്രവണത പലരിലും ക ണ്ടുവരുന്നുണ്ട്. ഇതിന് നിയന്ത്രണം കൂടിയേ തീരൂ.

ആചാരാനുഷ്ഠാനങ്ങളുടെ നൂലാമാലയും, പുരോഗമനരംഗത്ത് ഇവർക്കുള്ള തടസ്സമാണ്. ബോധവൽക്കരണത്തിലൂടെ ഇതിന് കുറെ യൊക്കെ പരിഹാരം കാണാവുന്നതാണ്.

ജാതിയുടെ പേരിൽ പീഠനമനുഭവിക്കുന്ന തായി മനസ്സിലാക്കിയിട്ടില്ലെങ്കിലും മറ്റു ജാതി ക്കാർ വ്യാപകമായി ഇവരുടെ വീടുകളിൽനിന്നും ഭക്ഷണം കഴിക്കുന്ന സമ്പ്രദായമായിട്ടില്ല. ജീവി തനിലവാരത്തിലും, കാഴ്ചപ്പാടിലും ഇവർ ഉയർച്ച കൈവരിക്കുന്നതോടെ ഈ പ്രശ്നം തന്നെ മാറി ക്കൊള്ളും.

# വിഭവ സമാഹരണം



വല്ലപ്പുഴ പഞ്ചായത്ത് കാർഷികമേഖലക്ക് മുൻതൂക്കമുള്ള ഒരു പഞ്ചായത്താണെങ്കിലും കാർഷികരംഗം വളരെ ശോചനീയമായ ഒരവസ്ഥയിലാണ് ഇന്ന് നിലനിൽക്കുന്നത്. താഴെ കൊടുക്കുന്ന പ്രശ്നങ്ങളാണ് ഇതിന് കാരണങ്ങളായി പഠനത്തിൽ നിന്നും മനസ്സിലാക്കുന്നത്.

1. കർഷകർക്ക് വേണ്ടത്ര താൽപര്യം കൃഷിയിൽ ഇല്ലായ്മ. കൃഷി ലാഭകരമല്ല എന്നാണ് ഇതിന് കാരണമായി പറയുന്നത്.

2. കാർഷികതൊഴിലാളികൾ താരതമ്യേന നല്ല കൂലി ലഭിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളിലേക്കും മറ്റും പോകുന്നു.

3. അമിതമായ രാസവളപ്രയോഗം പൊതുവെ ഉൽപാദനരംഗത്ത് മാന്ദ്യം സൃഷ്ടിച്ചിരിക്കുന്നു. ഇതിന് പരിഹാരമായി ജൈവവളപ്രയോഗരീതി നന്നാക്കിയെടുക്കേണ്ടതാണ്. ഇപ്രകാരം ഉൽപാദനരംഗത്ത് വർദ്ധനവ് ഉണ്ടാക്കുന്നത് വിഭവസമാഹരണത്തിന് പ്രയോജനകരമായിരിക്കും.

4. വ്യവസായരംഗത്ത് നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിലെ വികസനമേഖലകളിൽ പ്രതിപാദിച്ച രീതിയിൽ സഹകരണാടിസ്ഥാനത്തിലും മറ്റും ഈ രംഗത്ത് ഒരു മുന്നേറ്റം ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും അത് വിഭവസമാഹരണത്തിന് ഗുണകരമായിരിക്കും.

പഞ്ചായത്തിന് സർക്കാരിൽനിന്ന് കിട്ടേണ്ട ഗ്രാന്റുകൾ യഥാസമയം ലഭിക്കേണ്ടതും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരിൽ നിന്നും വിഭവസമാഹരണം നടത്താവുന്നതാണ്. കച്ചവടരംഗത്തും, സാമാന്യം തെറ്റില്ലാത്ത ജോലികളിലും ഉള്ള ധാരാളം പേർ ഈ പഞ്ചായത്തിൽ നിന്നും ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. വിഭവസമാഹരണത്തിനും, വ്യാവസായിക പുരോഗമാനത്തിനും ഇവരെ ഉപയോഗപ്പെടുത്താവുന്നതാണ്.

ഇവരിൽ ഉയർന്ന സാമ്പത്തികനില കൈവരിച്ചവർ താരതമ്യേന കുറവാണ്.

1995 പഞ്ചായത്തിന്റെ ഭരണറിപ്പോർട്ട്പ്രകാരം രൂ.791841 പൈസ.82 വരവും രൂ. 1074933 പൈ. 10 ചിലവും കാണുന്നു. ഇതിൽനിന്നു തന്നെ വിഭവസമാഹരണം ഊർജ്ജിതപ്പെടുത്തണം എന്ന കാര്യം വളരെ വ്യക്തമാകുന്നു.

**ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ വാർഡ് തിരിച്ചു സ്ഥിതിവിവരം.**

| വാർഡ് | ജോലിചെയ്യുന്ന വരുടെ എണ്ണം |
|---|---|
| I | 152 |
| II | 134 |
| III | 164 |
| IV | 184 |
| V | 123 |
| VI | 112 |
| VII | 153 |
| VIII | 88 |
| IX | 98 |
| X | 108 |
| ആകെ | 1316 |

മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ ഈ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കുപോലും തികയാവുന്ന വരുമാനം ഈ പഞ്ചായത്തിനില്ല. വസ്തുതകൾ എടുത്ത് പരിശോധിക്കുകയാണെങ്കിൽ ധനാഗമാമാർഗ്ഗത്തിന് സഹായകമാവുന്ന വ്യവസായ സ്ഥാപനങ്ങളോ, വിനോദനികുതി ലഭിക്കുന്ന സ്ഥാപനങ്ങളോ ഇവിടെയില്ല. വല്ലപ്പുഴ ഗെയ്റ്റിൽ ഗ്രാമവികസനബോർഡിന്റെ സഹായത്താൽ നിർമ്മിച്ച ഒരു ചെറിയ ഷോപ്പിംഗ് കോംപ്ലക്സ് മാത്രമാണ് ഉള്ളത്.

പഞ്ചായത്തിന്റെ സ്ഥിരവരുമാന വർദ്ധനവ് ലക്ഷ്യമാക്കിക്കൊണ്ട് പഞ്ചായത്തിന്റെ നിലവിലുള്ള സ്ഥലങ്ങളിൽ കല്ല്യാണ മണ്ഡപം, ഷോപ്പിംഗ് കോംപ്ലക്സ് മുതലായവ നിർമ്മിക്കുവാൻ ശ്രമങ്ങൾ നടത്തേണ്ടതാണ്.

പഞ്ചായത്തിന് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന വീട്ടുനികുതി, ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ കൃത്യമായി വിലയിരുത്തി നിശ്ചയിക്കുകയും, അത് സമയാസമയങ്ങളിൽ പിടിച്ചെടുക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്തിലെ പ്രധാന കവലകളായ വല്ലപ്പുഴ ഗെയ്റ്റ്, യാറം സെന്റർ, ചൂരക്കോട് അത്താണി, റെയിൽവെ സ്റ്റേഷൻ, കുറുവട്ടൂർ, തറക്കൽപടി എന്നിവിടങ്ങളിൽ ഓട്ടോ-ടാക്സി സ്റ്റാന്റ്, ലോറി സ്റ്റാന്റ് എന്നിവ നിർമ്മിച്ച് ഫീസ് ഈടാക്കിയാൻ വരുമാനമാർഗ്ഗമാവും.

പഞ്ചയത്തിന് ഒരു 'കംഫർട്ട് സ്റ്റേഷൻ' നിർമ്മിച്ച് ലേലം ചെയ്ത് നൽകാവുന്നതാണ്.

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മനുഷ്യാദ്ധ്വാനങ്ങൾ ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാവുന്നതാണ്.

# ഉപസംഹാരം

നാളിതു വരെയുള്ള വികസന സമീപനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു തലത്തിലേക്ക് നാം ഉയരുകയാണ്. നിലവിൽ വികസനമെന്നത് റോഡും, തോടും പാലവുമെന്നതാണ്. ഇതിൽ നിന്നും മാറി കാർഷിക വ്യാവസായിക മേഖലകളിൽ ഊന്നൽ നല്കി, പ്രത്യുല്പാദന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് കേരളീയ ഗ്രാമങ്ങളോടൊപ്പം ഇവിടെ തുടക്കം കുറിക്കുകയാണ്.

സർക്കാർ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത പദ്ധതികളിൽ കുടുങ്ങി വികസനം മുരടിക്കുന്ന ഇന്നത്തെ അവസ്ഥ മാറിയേ തീരൂ. നാടിന്റെ പ്രശ്നങ്ങൾ ലഭ്യമായ വിഭവങ്ങളും വിശദാംശങ്ങളും വച്ച് പ്രായോഗിക സമീപനത്തോടെ ജനകീയ കൂട്ടായ്മയിലൂടെ പരിഹരിക്കുവാൻ നമുക്കു കഴിയണം.

ജനകീയാസൂത്രണം സാർത്ഥകമാകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. പദ്ധതി പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ജനകീയ പരിപാടികൾക്കായിരിക്കണം മുൻതൂക്കം. മുൻഗണനാക്രമം കണ്ടെത്തുന്നതിൽ തദ്ദേശ സമിതിക്ക് ശാസ്ത്രീയ സമീപനമുണ്ടാവണം. 9-ാം പദ്ധതി വിഹിതത്തിന്റെ 40% പഞ്ചായത്തുകൾക്ക് നല്കുമ്പോൾ ഭാരിച്ച ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കാൻ പോകുന്നത്. അഞ്ച് വർഷം കൊണ്ട് 4 കോടിയിലേറെ രൂപയാണ് പഞ്ചായത്തിലേക്കെത്തുന്നത്. ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളും സംഭാവനകളും കൂടി ചേരുമ്പോൾ ഇത് അതിലെത്രയോ അധികം വരും. വികസന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് ഹേതുവാകുമിതെന്നതിൽ തർക്കമില്ല തന്നെ.

ഈ റിപ്പോർട്ടിലുൾക്കൊള്ളിച്ചിട്ടുള്ള വികസന പരിപാടികൾ യാഥാർത്ഥ്യമാവണമെങ്കിൽ പഞ്ചായത്ത് രാജ് നിയമത്തിലൂടെ കൈമാറാൻ ഉദ്ദേശിച്ചുള്ള വകുപ്പുകൾ പൂർണമായും പഞ്ചായത്തുകൾക്കു നല്കേണ്ടതുണ്ട്. തന്നെയുമല്ല ഫലപ്രദമായി പരിപാടികൾ നടപ്പിലാകണമെങ്കിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിലും മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

അതിമഹത്തായ ജനകീയാസൂത്രണപ്രസ്ഥാനം ജനങ്ങൾക്കു നൽകുന്ന പ്രത്യാശയ്ക്കൊത്തുയരുവാനും ഈ ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിത്തീർക്കുവാനും വരുംനാളുകളിൽ നമുക്ക് കഴിയുമാറാകട്ടെ എന്ന് പ്രതീക്ഷിച്ചു കൊണ്ട് ഈ 'വികസന റിപ്പോർട്ട്' സെമിനാറിന്റെ വിശദമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഇവിടെ സമർപ്പിക്കുന്നു.








Printed at: UKC Offset Printers KKM. ✆ 523566